Kandanad
Diocesan
Bulletin

Vol. 12, No. 11, 15 November 2024

എഡിറ്റോറിയൽ

# കുടിയേറ്റത്തിന്റെ കാണാച്ചരടുകൾ

കേരളത്തിൽനിന്ന് വിദേശരാജ്യങ്ങളിലേക്കുള്ള കുടിയേറ്റം അനുദിനം വർദ്ധിച്ചുവരികയാണ്. യുവതി-യുവാക്കന്മാർ കൂടുതലും പഠനത്തിനും ഇതര സർവ്വീസ് മേഖലകളിൽ പ്രാവീണ്യം നേടിയവർ കുടുംബമായി അവിടെ ജോലി ചെയ്തു സ്ഥിരമായി ജീവിക്കാൻ ആവശ്യമായ വിസ സംഘടിപ്പിച്ചുമാണ് ഇവിടെ നിന്നും യാത്രയാകുന്നത്. പഠനത്തിനായി ഇവിടെ നിന്ന് പോകുന്ന വിദ്യാർഥികളിൽ ഭൂരിഭാഗവും തിരികെ ഇന്ത്യയിലേക്ക് തിരിച്ചുവരണം എന്ന ആഗ്രഹത്തിലല്ല അങ്ങോട്ടുപോകുന്നത്. പഠനശേഷം അവിടെത്തന്നെ സ്ഥിര താമസത്തിനുള്ള (permanent residence) വിസ സംഘടിപ്പിച്ച് അവിടെത്തന്നെ കൂടണം എന്ന ആഗ്രഹത്തിലാണ്. വൻതോതിൽ നടക്കുന്ന ഈ കുടിയേറ്റത്തിന്റെ സാമൂഹ്യ പ്രത്യാഘാതങ്ങളെക്കുറിച്ച് ഗൗരവപൂർവ്വമായ അന്വേഷണം നമ്മുടെ സർക്കാർ തലത്തിലോ ഇതര മത-സാമൂഹ്യ സംഘടനാ തലത്തിലോ കാര്യമായി ആരംഭിച്ചിട്ടില്ല. എന്നാൽ മുൻകാലങ്ങളിൽ ഈയൊരു പ്രവണതയ്ക്ക് വലിയതോതിൽ പ്രോത്സാഹനം നൽകിയിരുന്ന കാനഡ, യു.കെ. മുതലായ രാജ്യങ്ങൾ ഇപ്പോൾ ഈ വിഷയത്തിൽ കടുത്ത നിയന്ത്രണം കൊണ്ടുവന്നിരിക്കുകയുമാണ്. ഈ നിയന്ത്രണങ്ങൾ അവിടങ്ങളിൽ ഇപ്പോൾ പഠനത്തിലും ജോലിയിലും ഇരിക്കുന്ന വിദ്യാർത്ഥികൾക്ക് അവിടെ തുടർന്ന് താമസിക്കാൻ സാധിക്കാത്ത നിലയിലേക്ക് എത്തിച്ചിരിക്കുകയാണ് എന്നത് വിഷയത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു. കാരണം വലിയ സാമ്പത്തിക ബാധ്യതയിലാണ് ഇവിടെ നിന്നും പല കുട്ടികളും അങ്ങോട്ട് യാത്രയായിട്ടുള്ളത്. എങ്ങോട്ടാണ് പോകുന്നത് അവിടെയെത്തി ജോലി ചെയ്ത് കടം വീട്ടാം എന്ന ആഗ്രഹം നടക്കാതെ പോകുന്നതിലെ വ്യാകുലതകൾ ഇതിനോടകം പല മാതാപിതാക്കളും എന്നോട് വ്യക്തിപരമായി പങ്കുവെച്ചത് ഞാൻ ഓർക്കുന്നു.

ഇത് ജോലിക്കും പഠനത്തിനുമായി പോകുന്ന ആളുകളുടെ കാര്യമാണെങ്കിൽ ഇവിടെ സ്ഥിര വരുമാനമുള്ളവരും നല്ല ജോലിയുള്ളവരും നല്ല നിലയിൽ ബിസിനസ് നടത്തുന്നവരുമായ അനേക സമ്പന്ന കുടുംബങ്ങളും ഭൂവുടമകളും ഇവിടെയുള്ളതെല്ലാം കിട്ടുന്ന വിലയ്ക്ക് വിറ്റ് കുടിയേറുന്നതും ഇന്നിന്റെ പ്രതിഭാസമാണ്. അവരാരും ഇങ്ങോട്ടുള്ള തിരിച്ചുവരവ് ആഗ്രഹിക്കുന്നില്ല. പാരമ്പര്യമായി ആർജ്ജിച്ചതും കൊണ്ടുനടന്നതുമായ പൈതൃക മൂല്യങ്ങളും സ്വത്തുക്കളും ബന്ധുക്കളും ദേവാലയങ്ങളും അങ്ങനെ എല്ലാം പെട്ടെന്ന് വിസ്മരിച്ച പുതിയ ലക്ഷ്യങ്ങളിലേക്ക് യാത്രയാകുന്നു.

ഒരു രാജ്യത്തിൽ നിന്ന് മറ്റൊരു രാജ്യത്തേക്ക് പോകുന്നതോ അവിടെ താമസിച്ചു ജോലി ചെയ്യുന്നതോ പുതുമയുള്ള കാര്യമല്ല. പ്രത്യേകിച്ച് മലയാളികൾ ലോകത്തിന്റെ മിക്കവാറും എല്ലാ ഇടങ്ങളിലും ഇതിനോടകം എത്തിക്കഴിഞ്ഞിട്ടുമുണ്ട്. ഇപ്പോഴത്തെ പ്രധാന പ്രശ്നം മുമ്പുള്ള സാഹചര്യങ്ങളിൽ നിന്ന് വ്യത്യസ്തമായി അതിനോടുള്ള മനോഭാവത്തിൽ കാതലായ മാറ്റം വന്നിരിക്കുന്നു എന്നതാണ്. മനുഷ്യന്റെ ജീവിതലക്ഷ്യത്തിനും ലോകവീക്ഷണത്തിനും പുതിയ അർത്ഥതലങ്ങൾ കൈവന്നിരിക്കുന്നു എന്നത് നാം കാണാതിരുന്നുകൂടാ.

നാം ഇന്ന് ജീവിക്കുന്നത് പേരിനുമാത്രം അതിരുകൾ ഉള്ള ലോകക്രമത്തിലാണ് എന്നാണ് പൊതുവേ ചിന്തിക്കപ്പെടുന്നത്. വ്യാപാര-വാണിജ്യമേഖലയിൽ ആരംഭിച്ച് മനുഷ്യന്റെ സമസ്ത ജീവിത മേഖലകളെയും ഒരൊറ്റ ലോകക്രമത്തിലേക്ക് നയിക്കുന്ന ആഗോളവത്കരണ-കോർപ്പറേറ്റ് നയങ്ങളുടെ ഉള്ളിൽ നിന്നുകൊണ്ട് മാത്രമേ നമുക്ക് ഇന്ന് നമ്മെ തന്നെ തിരിച്ചറിയാൻ സാധിക്കൂ എന്ന നിലയിലേക്ക് എത്തി

**EDITORIAL BOARD**

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karamel**

*Mg. Editor*
**Mr. P. J. Varghese**

*Members*
**Fr. Marydas Stephen**

**Fr. Alias Kuttiparichel**

**Fr. Shibu Kurian**

**Fr. Binoy John**

**Prof. Dr. M. P. Mathai**

**Mr. A. G. James**

**Mrs. Jiji Johnson**

www.kandanadeast.org

## ഉള്ളടക്കം

എഡിറ്റോറിയൽ — പേജ്

**കുടിയേറ്റത്തിന്റെ കാണാച്ചരടുകൾ** ............ 1

**ഭിന്നതയും പരിഹാരവും ആദിമസഭയിൽ–1** .......................................... 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**ആത്മീയ ശുശ്രൂഷയും സ്വത്തുക്കളുടെ കാര്യവിചാരകത്വവും** .................................. 6
ഡോ. തോമസ് മാർ അത്താനാസ്യോസ്

**ഫാ. ജോൺ വർഗീസ് വള്ളിക്കാട്ടിൽ: സമർപ്പിതനായ കർമ്മയോഗി** ...................... 7
ഫാ. ബിനോയി ജോൺ

**ചില ബ്രസീൽ അനുഭവങ്ങൾ** ..................... 9
ഡോ. എം. പി. മത്തായി

**സഭയുടെ ശുദ്ധീകരണം: ക്രിസ്തു ആരാണെന്നുള്ള ബോധ്യത്തിലും, പ്രഖ്യാപനത്തിലും** ....................................... 11
ഫാ. സിബി മാത്യു വർഗീസ്

**നിരണം കുരിശ്: ഒരന്വേഷണം** ................. 14
ഫാ. ജിജോ മത്തായി

യിരിക്കുകയാണ്. ശാസ്ത്രസാങ്കേതികവിദ്യയുടെ വളർച്ചയും വൻകിട കുത്തക ടെക് ഭീമന്മാരുടെ സാങ്കേതിക വിദ്യയിന്മേലുള്ള മത്സരവും പട്ടിണി-സമ്പന്നരാജ്യങ്ങൾ എന്ന പരികൽപ്പനകൾക്ക് അതീതമായി മനുഷ്യരെ മുഴുവനും ഒന്നായി കണ്ണിചേർക്കാനും മനുഷ്യകുലം മുഴുവനും ആഗോള പൗരന്മാരാണ് (Global citizens) എന്ന തെറ്റായ പ്രതീതി മനുഷ്യരിൽ ജനിപ്പിക്കാനും ഇതുവഴി ഇടയായി. നമ്മുടെ കയ്യിൽ ഇരിക്കുന്ന സ്മാർട്ട് ഫോണും ഫോണുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന മറ്റ് സാങ്കേതിക വിദ്യകളും അതിലെ ഉള്ളടക്കവും മനുഷ്യസ്വത്വ നിർമ്മിതിയുടെ ആത്യന്തിക അടയാളമായി മാറി (ultimate symbol of identity) എന്നതാണ് വാസ്തവം. ഇത് സമ്പന്ന രാജ്യങ്ങളും അതിലെ അധികാരങ്ങളും രൂപകല്പന ചെയ്യുന്നതും നടപ്പിലാക്കുന്നതുമാണ്. നമ്മുടെ ഈ കൊച്ചു കേരളത്തിൽ പോലും ചെറു സംരംഭങ്ങൾ എല്ലാം തന്നെ പിഴുത് എറിയപ്പെടുകയും കുത്തകവത്കരണം അനുദിനം വർദ്ധിച്ചുവരുകയും ചെയ്യുന്നത് നമ്മുടെ ചുറ്റുപാടുകളിലേക്ക് നോക്കിയാൽ നമുക്ക് കാണാവുന്ന കാര്യമാണല്ലോ.

ഇന്ന് പൊതുവേ ലോകത്തിൽ നിലനിൽക്കുന്ന സാമൂഹിക-സാമ്പത്തിക സാഹചര്യങ്ങളുടെ പ്രതിഫലനം ആയിട്ട് മാത്രമേ മുകളിൽ പ്രതിപാദിച്ച പ്രവണതകളെ മനസ്സിലാക്കാൻ സാധിക്കൂ. ഇതിലെ ശരിതെറ്റുകളെ വിലയിരുത്താനോ ഇതുവഴി ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെ മുൻകൂട്ടി കാണാനോ നമുക്ക് ഇപ്പോൾ സാധിച്ചുവെന്ന് വരില്ല. എന്നാൽ ജനിച്ചുവളർന്ന നാടും അതിന്റെ സംസ്കാരവും തനിമയും ചരിത്രവും നമ്മുടെ മത ജീവിതവും നമ്മുടെ ദേവാലയവും എന്തിനേറെ നമ്മുടെ മാതാപിതാക്കളും ബന്ധുജനങ്ങളും എന്നിങ്ങനെ അനുദിന ജീവിതവുമായി ബന്ധപ്പെടുന്ന ഓരോന്നിനും നാം എവിടെയാണ് ഇടം നൽകുക. മൂലധനവും മറ്റ് ചരക്കുകളും (goods) ലോകവിപണയിൽ അതിരുകളെ അതിലംഘിച്ച് യഥേഷ്ടം സഞ്ചരിക്കുന്നതുപോലെ മനുഷ്യവിഭവശേഷിയും ഇതുപോലെ മുന്നേറുന്നു എന്ന കാൽപ്പനികമായി വേണമെങ്കിൽ പറഞ്ഞുവെയ്ക്കാം. എങ്കിലും ഈ നാടിന്റെ ചരിത്രവും സംസ്കാരവും മതവും മറ്റും നമ്മിലൂടെ മുന്നോട്ട് പോകേണ്ടതുണ്ട് എന്ന അനിവാര്യതയാണ് നാം പലപ്പോഴും മറക്കാൻ ശ്രമിക്കുന്നത്. ഇവിടെ നിന്ന് പോകുന്നവരുടെ ഇപ്പോഴുള്ള തലമുറയിലെ വേരുകൾ ഇവിടെ നിലനിൽക്കാം. അടുത്ത തലമുറയാകുമ്പോൾ അതെല്ലാം എന്നന്നേയ്ക്കും വിസ്മൃതിയിൽ ആവും. ഈ ലോകക്രമം വഴിയുണ്ടാകുന്ന സ്ഥാനചലനത്തിന്റെ (displacement) പിന്നിലെ പ്രത്യയശാസ്ത്രം യാന്ത്രികമായി രൂപപ്പെട്ടതല്ലായെന്നും ലോകത്തിലെ സാമ്പത്തിക ശക്തികൾ രൂപപ്പെടുത്തുന്നതാണ് എന്നും അവർ ഇനിയും പുതിയകാലത്ത് പുതിയവ രൂപപ്പെടുത്തുമെന്നും തിരിച്ചറിയുന്നവർ ഭാഗ്യവാന്മാർ.

*ഫാ. എബ്രഹാം കാരാമ്മേൽ*

# ഭിന്നതയും പരിഹാരവും ആദിമസഭയിൽ-1

**പോ**ർച്ചുഗീസുകാരുടെ വരവിനുശേഷം മലങ്കരസഭയിൽ പല പ്രാവശ്യം ഭിന്നതകൾ രൂപപ്പെട്ടിട്ടുണ്ട്. ഇവയ്ക്ക് ഏതെങ്കിലും തരത്തിൽ പരിഹാരമുണ്ടായെങ്കിലും അനുരഞ്ജനവും ഐക്യവും പുന:സ്ഥാപിക്കപ്പെട്ടതായി ചരിത്രത്തിലില്ല. സഭ ഭിന്നതയുടെ ഇരയായി ഇന്നും തുടരുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. ഭിന്നത സഭയെ നയിക്കുന്നത് നിയമവ്യവഹാരങ്ങളിലേക്കും പ്രതിസന്ധിയിലേക്കും പ്രതിസാക്ഷ്യത്തിലേക്കുമാണ്. ഇതര സഭകൾക്കിടയിൽ നാം ഒറ്റപ്പെടുകയും പൊതുസമൂഹത്തിന്റെ വിചാരണയ്ക്ക് സഭ വിധേയമാവുകയും ചെയ്യുന്നു. പരസ്പരം വൈരാഗ്യബുദ്ധി നിലനിർത്തി ഭിന്നത ആസ്വദിക്കുന്ന സഭാനേതൃത്വങ്ങൾക്ക് ഇത് ചിന്താവിഷയമാകാറില്ല. ഇത് സഭയുടെ പ്രതിസന്ധിയായി മനസ്സിലാക്കാതെ മറുഭാഗത്തിന്റെ മേലുള്ള ആധിപത്യമാണ് ഓരോ വിഭാഗനേതൃത്വവും അഭിലക്ഷിക്കുന്നത്. എന്നാൽ അപ്പോസ്തോലികസഭയിൽ വ്യത്യസ്തമായ മാതൃകയാണ് നാം കണ്ടെത്തുന്നത് എന്ന വസ്തുതയാണ് ഈ രചനയ്ക്ക് പ്രേരകമായത്.

പ്രശ്നസാഹചര്യങ്ങളും ഭിന്നതയും ആദിമസഭയ്ക്കും അന്യമായിരുന്നില്ല . ഒരു സമൂഹം രൂപം കൊണ്ട് വളർന്ന് ഇതര രാഷ്ട്ര-സംസ്കാര-ഭാഷാ അതിർത്തികളിലേക്ക് വ്യാപിക്കുമ്പോൾ ഇത് സ്വാഭാവികമായി സംഭവിക്കുന്നതാണ്. യേശുവിന്റെ കൂടെ സഞ്ചരിച്ചിരുന്ന ചെറിയ ശിഷ്യസമൂഹം കർത്താവിന്റെ ശാരീരിക തിരോധാനത്തോടെ സാവകാശം സംഘടിതരൂപം പ്രാപിക്കുകയായിരുന്നു. അതോടെ സംഘടനാപരമായ (organisational) പ്രശ്നങ്ങളും നേതൃത്വത്തിലെ വ്യക്തിപരമായ അകൽച്ചയും ആശയ-സാംസ്കാരിക-ഭാഷാ പ്രശ്നങ്ങളുമെല്ലാം ഉയർന്നുവന്നു. എന്നാൽ ഓരോ സമയത്തും അപ്പോസ്തോലികസഭയിൽ രൂപം കൊണ്ട അകൽച്ചകൾക്കും പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തുന്നതിന് അന്നത്തെ നേതൃത്വത്തിന് സാധിച്ചു. അതാണ് നമ്മെ വെല്ലുവിളിക്കുന്ന കാര്യം.

ആദിമസഭ എങ്ങനെ ഭിന്നതകൾ പരിഹരിച്ചു എന്നു മനസ്സിലാക്കുന്നത് ആധുനികസഭയിൽ സൃഷ്ടിക്കപ്പെടുന്ന വിഭാഗീയതകൾ വസ്തുനിഷ്ഠമായി പഠനവിധേയമാക്കുന്നതിനും വികാരവിമുക്തമായും സമചിത്തതയോടും അത് പരിഹരിക്കുന്നതിനും സഭാനേതൃത്വത്തിന് മാതൃകയാക്കാവുന്നതാണ്. തർക്കങ്ങളും ഭിന്നതയും സ്വാഭാവികമാണെങ്കിലും അവയ്ക്ക് പരിഹാരം കണ്ടെത്തി ഐക്യത്തിലേക്കും കൂട്ടായ്മയിലേക്കും സഭയെ നയിക്കുക എന്നത് ദൈവോദ്ദേശ്യമായി തിരിച്ചറിഞ്ഞ് ലക്ഷ്യബോധത്തോടും വിവേകത്തോടും സഭയുടെ സാക്ഷ്യവും നന്മയും പരിഗണിച്ച് സ്വാർത്ഥ-വൈകാരിക വിമുക്തമായി നിർവഹിക്കപ്പെടേണ്ട നടപടിയാണ് എന്ന് ആദിമസഭ തിരിച്ചറിഞ്ഞിരുന്നു. ഓരോ പിളർപ്പിനെയും നേട്ടമായി ആഘോഷിക്കുകയും ഭിന്നിപ്പിന് ആശയപരിവേഷം നൽകുകയും പിളർപ്പുകളുടെ ചരിത്രത്തിലെ കഥാപാത്രങ്ങളെ യുഗപുരുഷന്മാരായി ആശയവത്കരിച്ച് അവതരിപ്പിക്കുകയും ചെയ്യുന്നതാണിന്ന് പതിവ്. അതുവഴി ഭിന്നത സൃഷ്ടിച്ച മുറിവുകൾ നിത്യവ്രണമായി നിലനിർത്തി പിളർപ്പ് ശാശ്വതമാക്കുന്നു. ഇത് ഭിന്നത ആഗ്രഹിക്കുന്ന നേതൃത്വങ്ങൾ അവലംബിക്കുന്ന തന്ത്രമായി നാം മനസ്സിലാക്കേണ്ടതുണ്ട്. സഭയിൽ ഭിന്നതാസാഹചര്യങ്ങളിൽ അനുരഞ്ജനസാധ്യതകൾക്കായി നീക്കം നടത്തേണ്ട സഭാനേതൃത്വം വിഭാഗീയപ്രവണതകൾക്ക് നേതൃത്വം നൽകിയാൽ അനുരഞ്ജനം അസാധ്യമാവുകയും അതു വരുത്തിവച്ച അപരിഹാര്യനഷ്ടങ്ങൾക്ക് ശ്രദ്ധ കിട്ടാതെ പോവുകയും ചെയ്യും. ഈ സാഹചര്യത്തിലാണ് ഈ പഠനത്തിന് സാംഗത്യം ഉണ്ടാകുന്നത്. ആദിമസഭയിലെ ഭിന്നതകളുടെയും ഐക്യ പുന:സ്ഥാപനത്തിന്റെയും അപ്പോസ്തോലപ്രവൃത്തികളിലെ അവതരണമാണ് പഠനത്തിന് ആധാരമാക്കുന്നത്.

ഈ അന്വേഷണത്തിനായി ആദിമസഭയിലെ മൂന്നു ഭിന്നതകളെയാണ് പഠനവിധേയമാക്കുന്നത്.

1. യെരുശലേം സഭയിലെ യവനഭാഷ സംസാരിച്ചിരുന്ന യഹൂദ വിധവമാർ നേരിട്ട ഭക്ഷണവിതരണത്തിലെ അനീതി (അ. പ്ര. 6:1-8).
2. സഭയിൽ യഹൂദന്യായപ്രമാണത്തിന്റെ പ്രസക്തി സംബന്ധിച്ച് ഉടലെടുത്ത പ്രതിസന്ധി (അ. പ്ര. 15:1-35; ഗലാ. 2:1-21)
3. പൗലോസും ബർണബാസും തമ്മിലുണ്ടായ ഭിന്നത (അ. പ്ര. 15:36-41).

ഭൗതിക-വിശ്വാസ-വ്യക്തിതലത്തിൽ പ്രതിനിധീകരണ (representative) സ്വഭാവമുള്ള പ്രതിസന്ധികൾ ആയിരുന്നു ഇവ. അവ പരിഹരിക്കപ്പെട്ട് സഭയിൽ അനുരഞ്ജനവും ഐക്യവും നിലനിർ

ത്തുന്നതിൽ ആദിമസഭ പരാജയപ്പെട്ടിരുന്നുവെങ്കിൽ സഭയുടെ തുടർന്നുള്ള ചരിത്രഗതി തന്നെ മാറിപ്പോകുമായിരുന്നു.

അതിൽ ഒന്നാമത്തെ പ്രതിസന്ധിയുടെ കാരണവും സ്വഭാവവും പരിഹാരരീതിയും ആദ്യമായി പഠനവിധേയമാക്കാം. പെന്തക്കോസ്തിക്ക് ശേഷം സഭയിലെ ക്രിസ്തുശിഷ്യരുടെ എണ്ണം ദിനം പ്രതി വർദ്ധിച്ചു വന്നിരുന്നു (അ. പ്ര. 6:1). അവരിൽ ഏകരായി കഴിഞ്ഞുവന്ന വിധവകളുടെ ഭക്ഷണ ഉത്തരവാദിത്വം സഭയാണ് ഏറ്റെടുത്തിരുന്നത്. ഒന്നാം നൂറ്റാണ്ടിൽ യഹൂദന്മാരുടെ പഠന-ആരാധനാ കേന്ദ്രങ്ങളായിരുന്ന സംഘാലയങ്ങ (സിനഗോഗ്) ളോടനുബന്ധിച്ച് ദരിദ്രരായ വിധവകൾക്ക് ഭക്ഷണം നൽകുന്ന പതിവുണ്ടായിരുന്നു. ഈ വിധവകൾ ക്രിസ്തീയവിശ്വാസം സ്വീകരിച്ചപ്പോൾ നിലനിന്നിരുന്ന സൗജന്യ ഭക്ഷണവിതരണം സഭ ഏറ്റെടുത്തിരുന്നു. ഇവർ രണ്ടു വിഭാഗത്തിൽ പെട്ടവരായിരുന്നു. അതിൽ ഒരു കൂട്ടർ എബ്രായ സംസാരഭാഷയാക്കിയിരുന്ന യഹൂദക്രിസ്ത്യാനി വിധവകൾ ആയിരുന്നു. ഇവരായിരുന്നിരിക്കണം ഭൂരിപക്ഷം. എന്നാൽ യവനഭാഷ സംസാരിച്ചിരുന്ന യഹൂദക്രിസ്ത്യാനി വിധവമാരും അവിടെ ഉണ്ടായിരുന്നു. ഇതിൽ യവനഭാഷ സംസാരിച്ചിരുന്ന ന്യൂനപക്ഷവിഭാഗം വിധവകൾ തങ്ങൾക്കു ലഭിച്ചു വന്ന അനുദിന ഭക്ഷണവിതരണ ക്രമീകരണങ്ങളിൽ വിവേചനം നേരിടുന്നു എന്നതിന്റെ പേരിൽ യവനക്രിസ്ത്യാനി വിഭാഗം പൊതുവേ അസംതൃപ്തരായി. അവർ പ്രബല-ഭൂരിപക്ഷ വിഭാഗത്തിനെതിരേ പിറുപിറുത്തു. യവന-റോമൻ സംസ്കാരത്തിന്റെ സ്വാധീനത്തിൽ ജീവിച്ചുവന്നിരുന്ന യവനഭാഷ സംസാരിച്ചിരുന്ന യഹൂദർ തങ്ങളുടെ മതകാര്യങ്ങളിൽ താരതമ്യേന ഉദാരസമീപനം പുലർത്തിയിരുന്നതുകൊണ്ട് എബ്രായഭാഷ സംസാരിച്ചിരുന്ന യാഥാസ്ഥികരായ യഹൂദന്മാർക്ക് അവരോട് അത്ര ആദരവുണ്ടായിരുന്നില്ല. ഈ സമീപനം അന്നത്തെ വിശ്വാസിസമൂഹത്തിലും നിലനിന്നിരിക്കാനിടയുണ്ട്. എന്നാൽ അത് അത്ര ബോധപൂർവ്വമായ വിവേചനമായിരുന്നുവെന്ന് പറയാനാവില്ല.

ഇവിടെ ന്യൂനപക്ഷം ഭൂരിപക്ഷത്തിനെതിരാവുന്നു. അവർ പിറുപിറുക്കുകയാണ്. അനീതിയനുഭവിച്ചിരുന്ന ന്യൂനപക്ഷത്തിന്റെ ഈ പരാതി ഭിന്നതയിലേക്കും പ്രതിസന്ധിയിലേക്കും ആദിമസഭയെ നയിക്കാവുന്നതായിരുന്നു. ഭിന്നതയുടെ ഒരു കാരണം അവഗണനാനുഭവമായിരുന്നു. എന്നാൽ ഈ പിറുപിറുപ്പ് അപ്പോസ്തലന്മാർ ശ്രദ്ധിക്കുകയും അവർ അതിന് പരിഹാരശ്രമം ആരംഭിക്കുകയും ചെയ്തു. അസംതൃപ്തി ന്യൂനപക്ഷത്തിന്റേതാണ്; വിവേചനം വസ്തുനിഷ്ഠമായിരുന്നിരിക്കണം എന്നുമില്ല. എങ്കിലും ഭൂരിപക്ഷ എബ്രായശിഷ്യരുടെ ഭാഗമായിരുന്ന അപ്പോസ്തലന്മാർ അവരെ തുണയ്ക്കാൻ തയ്യാറാവുന്നില്ല. അവർ ഈ വിഷയം ഗൗരവമായി എടുക്കുന്നു. സഭയുടെ കൂട്ടായ്മയിൽ അനീതി ഉണ്ടാകാൻ പാടില്ല; അവിടെ ഭിന്നതയുണ്ടായി സാക്ഷ്യവും സഭയുടെ വളർച്ചയും തടസ്സപ്പെടാൻ പാടില്ല എന്ന ഉറച്ച നിലപാടായിരുന്നു അവരുടേത്.

പലപ്പോഴും സമൂഹത്തിലെ ദുർബലവിഭാഗങ്ങൾക്ക്-അതായത് എണ്ണത്തിൽ, സമ്പത്തിൽ, സംസ്കാരത്തിൽ പിമ്പിൽ നിൽക്കുന്നവർക്ക്-തങ്ങൾ വിവേചനവിധേയരാകുന്നു എന്ന ചിന്ത ഉണ്ടാകുമ്പോഴാണ് ഭിന്നതയുണ്ടാകുന്നത്. അവർക്കും ആത്മാഭിമാനം ഉണ്ട്. അവർ പ്രതിരോധശ്രമങ്ങൾ ആരംഭിക്കും. തുടർന്ന് അത് സമൂഹത്തിൽ പ്രതിസന്ധി സൃഷ്ടിക്കപ്പെടാം. വിവേകവും നേതൃഗുണവുമുള്ള അപ്പോസ്തോലസമൂഹം യവനക്രിസ്ത്യാനികളുടെ പ്രശ്നം പെട്ടെന്ന് മനസ്സിലാക്കി പരിഹാരത്തിന് ശ്രമം ആരംഭിച്ചു. 1958 സുപ്രീംകോടതിവിധിയിൽ പരാജയപ്പെട്ട സഭായോജിപ്പിന് സഹകരിച്ച പാത്രിയർക്കീസ് വിഭാഗത്തിന് പിന്നീടുണ്ടായ വിവേചനാനുഭവമാണ് 1975ലെ ഭിന്നതയിൽ അവർക്ക് സംഘടിതപ്രസ്ഥാന (organised movement) മായി രൂപപ്പെട്ട് വളരാനിടയാക്കിയത്. കൂട്ടായ്മ ദൃഢമാകണമെങ്കിൽ കാര്യകർത്താക്കൾ സംവേദനത്വ (sensitivity) വും നീതിബോധവും പ്രകടമാക്കണമെന്നാണിവിടെ സൂചന. നിയമനടപടികളിലൂടെ മാത്രം കൂട്ടായ്മ പുന:സൃഷ്ടിക്കപ്പെടുകയില്ല .

സഭയിൽ അവഗണന ഉണ്ടായപ്പോൾ നീതിബോധവും സഭയുടെ ഭാവിയെപ്പറ്റിയുള്ള ആശങ്കയും കരുതലുമാണ് പ്രശ്നപരിഹാരത്തിന് ആദിമസഭാ നേതൃത്വത്തെ പ്രേരിപ്പിച്ചത്. സാഹചര്യത്തിന്റെ ഗൗരവം മനസ്സിലാക്കി ശിഷ്യസമൂഹത്തെ മുഴുവനും സഹകരിപ്പിച്ച് ഭിന്നതയുടെ തർക്കപരിഹാരത്തിനാണ് നേതൃത്വം ഉദ്യമിച്ചത്. തങ്ങളുടെ നേതൃത്വാധികാരങ്ങൾ പ്രയോഗിച്ച് തർക്കം തീർപ്പാക്കാനല്ല അവർ ശ്രമിച്ചത്. പക്ഷം പിടിക്കാതെ ഭിന്നിച്ച വിഭാഗങ്ങളെ ചേർത്തുനിർത്തിയായിരുന്നു അവരുടെ പ്രശ്നപരിഹാരശ്രമം. സഭയിൽ അവഗണന/അനീതി പരിഹരിക്കപ്പെടണം; കൂട്ടായ്മ പുന:സ്ഥാപിക്കപ്പെടണം; പരിഹാരം സഭയുടെ കൂട്ടായ ശ്രമഫലമാകണം എന്നിവയാണ് സഭയുടെ നിലനിൽപ്പിനെയും നന്മയെയും പറ്റി ചിന്തിച്ച നേതൃത്വത്തിന്റെ കാഴ്ചപ്പാട്. ഭിന്നിച്ചു നിൽക്കുന്ന രണ്ടു ഭാഗങ്ങളിൽ ഒന്നിന്റെ നിലപാടിനോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് വിഭാഗീയതയ്ക്ക് പിന്തുണ നൽകി സഭയിൽ ഭിന്നത നിലനിർത്തുന്നത് നല്ല നേതൃത്വരീതിയായി ആദിമസഭ കണ്ടില്ല. ഭിന്നിച്ചു നിൽ

ക്കുന്ന വിഭാഗങ്ങളുടെ വിശ്വാസ്യത നേടി വിഷയം നീതിപൂർവ്വം രമ്യതയിൽ എത്തിക്കുന്ന നേതൃശൈലിയാണ് ഇവിടെ പ്രകടമാകുന്നത്.

ശിഷ്യസമൂഹം സമ്മേളിച്ചപ്പോൾ അപ്പോസ്തലസമൂഹം തങ്ങളുടെ നിലപാട് വ്യക്തമാക്കുന്നു: 'തങ്ങളുടെ നിയോഗം ദൈവവചന ശുശ്രൂഷയാണ്. അതിൽ നിന്ന് തങ്ങൾക്ക് വ്യതിചലിക്കാനാവില്ല. ഇവിടുത്തെ വിഷയം ഭക്ഷണ വിതരണ-ക്രമീകരണ കാര്യമാണ്. നീതിപൂർവ്വം അതു നടക്കണം. അതിനാവശ്യമായ സംവിധാനം ഉണ്ടാകണം'. തിരുവചനശുശ്രൂഷ അവഗണിച്ച് ഭൗതിക-ഭരണച്ചുമതല ഏറ്റെടുക്കുവാൻ ശിഷ്യസമൂഹം തയ്യാറാല്ല എന്ന കാര്യം അവർ വിശ്വാസിസമൂഹത്തെ അറിയിക്കുന്നു.

ഈ തീരുമാനം ഏതുകാലത്തും ശ്രദ്ധിക്കപ്പെടേണ്ട വസ്തുതയാണ്. തർക്കവിഷയം ഗൗരവമുള്ള കാര്യമായിത്തന്നെ അപ്പോസ്തലന്മാർ കാണുന്നു. അത് അടിയന്തരമായി പരിഹരിച്ച് സഭയിൽ നീതിയും കൂട്ടായ്മയും പുന: സ്ഥാപിക്കപ്പെടണം. എന്നാൽ ലൗകിക ഭരണച്ചുമതല ഏറ്റെടുത്ത് തങ്ങളുടെ പ്രാഥമികനിയോഗം ലംഘിക്കപ്പെടുത്തുവാൻ ആദിമസഭയുടെ ആത്മീയനേതൃത്വം തയ്യാറാവുന്നില്ല. ഈ സമീപനമാണ് എപ്പിസ്കോപ്പൽ നേതൃത്വം പിൽക്കാല ചരിത്രത്തിൽ വിസ്മരിച്ചത്. റോമാസാമ്രാജ്യത്തിൽ സഭ സ്വതന്ത്രമാവുകയും ദേവോദാസിയോസ് ചക്രവർത്തിയുടെ കാലത്ത് അതിന് ഔദ്യോഗികമതം എന്ന സ്ഥാനം സിദ്ധിക്കുകയും ചെയ്തതോടെ ലൗകിക-ഭരണമേഖലകൾ കയ്യാളുന്നത് ആത്മീയ-എപ്പിസ്കോപ്പൽ നേതൃത്വത്തിന് ഹരമായി. അതോടെ അവരുടെ പ്രാഥമിക നിയോഗങ്ങളിൽ ശ്രദ്ധ പതിപ്പിക്കുന്നതിൽ താത്പര്യവും കുറഞ്ഞു. അങ്ങനെ വിശ്വാസികളുടെ ആത്മാക്കളുടെ കാര്യം എപ്പിസ്കോപ്പയെ ഭരമേല്പിച്ചിരിക്കുന്ന സാഹചര്യത്തിൽ ഭൗതികവസ്തുക്കളുടെ കാര്യത്തിൽ അദ്ദേഹത്തിനുള്ള അധികാരം എത്രയോ അധികം എന്ന് കാനോനിൽ പരാമർശവും ഉണ്ടായി. സഭയിലെ ഭിന്നതകൾക്കുള്ള ഒരു കാരണം ഭൗതിക-ഭരണ ചുമതലകൾ സംബന്ധിച്ച് സഭയുടെ ആത്മീയനേതൃത്വം പ്രലോഭനത്തിന് വിധേയമായതാണ്.

മലങ്കരസഭയിൽ ഇരുപതാം നൂറ്റാണ്ടിൽ ആരംഭിച്ച ഭിന്നതയുടെ തുടക്കം മലങ്കരമെത്രാപ്പോലീത്തയും വൈദിക-അല്മായ ട്രസ്റ്റികളും തമ്മിലുള്ള തർക്കം ഭൗതികവസ്തുക്കളുടെ ഭരണ-നിയന്ത്രണവും ധനസൂക്ഷിപ്പു മുറിയുടെ താക്കോലിന്മേലുള്ള അവകാശവും സംബന്ധിച്ചായിരുന്നല്ലോ. അന്ത്യോഖ്യ പാത്രിയർക്കീസിന് മലങ്കരസഭയുമായുള്ള ബന്ധത്തിൽ വേണ്ടിയിരുന്നതും അപ്പോസ്തലന്മാർ കൈയ്യൊഴിഞ്ഞ ലൗകികവസ്തുക്കളിന്മേലുള്ള ഉടമസ്ഥതയും ഭരണനിയന്ത്രണാധികാരങ്ങളും ആയിരുന്നു. അപ്പോസ്തോലന്മാർ പ്രകടിപ്പിച്ച ഭൗതിക-ഭരണ കർത്തൃത്വം സംബന്ധിച്ച അനാസക്തി ഇവിടെ ആത്മീയനേതൃത്വം പ്രകടിപ്പിച്ചിരുന്നുവെങ്കിൽ ഇരുപതാം നൂറ്റാണ്ടിലെ സഭയുടെ ചരിത്രം മറ്റൊന്നാകുമായിരുന്നു.

ആത്മീയസഭാശുശ്രൂഷകർ ഭൗതികവിഷയങ്ങൾ ഒഴിവാക്കണമെന്നല്ല പ്രത്യുത അതിൽ നിന്നു പിന്മാറി അതിനുള്ള സംവിധാനങ്ങൾ സൃഷ്ടിക്കപ്പെടുവാൻ മുൻകയ്യെടുക്കുന്നതിലാണ് ശ്രദ്ധിക്കേണ്ടതെന്നാണ് അപ്പോസ്തലന്മാരുടെ നിലപാട് സൂചിപ്പിക്കുന്നത്. ഒരു സംഘടന (organisation) എന്ന നിലയിൽ സഭയിലും ചില ആത്മീയേതര ചുമതലകൾ നിർവ്വഹിക്കേണ്ടതായി ഓരോ കാലത്തും ആവശ്യമായി വരുന്നു. എന്നാൽ അത് ഏറ്റെടുത്തു നടത്താൻ ആത്മീയനേതൃത്വം തന്നെ വേണം എന്നില്ല. കൂടാതെ ആത്മീയചുമതലകൾ ഫലപ്രദമായി നിർവഹിക്കുന്നതിന് ആത്മീയ വൈദികനേതൃത്വത്തിന് ഭൗതികചുമതലാ നിർവഹണം തടസ്സം സൃഷ്ടിക്കും. ഭൗതികചുമതലകൾ ഏറ്റെടുക്കുന്നതു വഴി അധികാരവും ധനവും കൈവശമാക്കി വയ്ക്കുവാനുള്ള പ്രലോഭനവും സ്വാഭാവികമാണ്. അത് ആത്മീയശുശ്രൂഷയോട് വിശ്വസ്തതയും സത്യസന്ധതയും പുലർത്തുന്നതിന് വിഘാതമാകും എന്ന് അപ്പോസ്തോലസമൂഹം മനസ്സിലാക്കി. മാത്രമല്ല, ഈ ഉടമസ്ഥതാ-അധികാര ഭ്രമം സഭയിൽ ഏകാധിപത്യവും പിളർപ്പും സൃഷ്ടിക്കുന്നതിന് സാഹചര്യമൊരുക്കുമെന്നും അപ്പോസ്തലന്മാർ തിരിച്ചറിഞ്ഞിരുന്നു. ആത്മീയ ചുമതലയും ഭൗതികാധികാരവും സഭാനേതൃത്വത്തിൽ ഏകോപിക്കപ്പെടുന്നത് അപകടകരമാണ് എന്ന് അവർക്ക് വ്യക്തമായിരുന്നു .

സഭയിൽ ഉണ്ടാകുന്ന അനീതി, അവഗണന എന്നിവയോടുള്ള നേതൃത്വത്തിന്റെ പരിഹാരശ്രമവും ഭൗതികവസ്തുക്കളുടെ വിനിമയത്തിൽ അനാസക്തി പ്രകടിപ്പിച്ച് ആദ്ധ്യാത്മികവിഷയത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ കഴിയുന്നതും സഭയിൽ സമാധാനാന്തരീക്ഷം സൃഷ്ടിക്കുന്നതിൽ നിർണായക ഘടകമാണ്. അപ്പോസ്തോലിക സഭാനേതൃത്വം വിഭാഗീയതകൾക്കുപരി തങ്ങളുടെ നിയോഗത്തോട് വിശ്വസ്തതയോടെയാണ് സഭയെ നയിച്ചത് എന്ന് പഠനം വെളിപ്പെടുത്തുന്നു . *(തുടരും .....)*

സസ്നേഹം

നിങ്ങളുടെ
അത്താനാസിയോസ് തോമസ്
മെത്രാപ്പോലീത്ത

# ആത്മീയ ശുശ്രൂഷയും സ്വത്തുക്കളുടെ കാര്യവിചാരകത്വവും

**ഡോ. തോമസ് അത്താനാസിയോസ് മെത്രാപ്പോലീത്ത**

ഒരുവൻ കർത്താവിനെ സമീപിച്ച് തന്റെ സഹോദരന്റെ മേൽ സമ്മർദ്ദം ചെലുത്തി പിതൃസ്വത്തിന്റെ ഭാഗ ഉടമ്പടിക്ക് സമ്മതിപ്പിക്കണം എന്ന് അഭ്യർത്ഥിക്കുന്നു (ലൂക്കോ. 12:13 f). കർത്താവ് ഇതു കേട്ട് ക്ഷുഭിതനായി മാറുന്നു. 'ആരാണ് എന്നെ വിധികർത്താവും സ്വത്തുക്കളുടെ മധ്യസ്ഥനുമായി നിയോഗിച്ചത്' എന്നായിരുന്നു തന്നെ സമീപിച്ചവനോടുള്ള കർത്താവിന്റെ മറു ചോദ്യം. തന്റേത് ആത്മീയശുശ്രൂഷയാണ്. മനുഷ്യമനസ്സിൽ വ്യതിയാനം വരുത്തി അവരെ നീതിബോധവും മനുഷ്യസ്നേഹവും ഉള്ളവരാക്കുക എന്നതാണ് തന്റെ ശുശ്രൂഷ എന്ന് ഇവിടെ സൂചിപ്പിക്കുന്നു. മനുഷ്യന്റെ ഭൗതികവും ധനപരവുമായ കാര്യങ്ങളിൽ ഇടപെട്ട് അതു നൽകുന്ന അധികാരവും അംഗീകാരവും നേടുകയെന്നത് തന്റെ ശുശ്രൂഷയ്ക്ക് അന്യമാണ് എന്ന് കർത്താവ് ഈ മറു ചോദ്യത്തിലൂടെ അവനെ ബോധ്യപ്പെടുത്തുകയാണ്. ക്രിസ്തുശിഷ്യന്മാരും ഇതു തന്നെ ചിന്തിക്കുന്നു. അതുകൊണ്ടാണ് പത്രോസ് പറയുന്നത്: വെള്ളിയും പൊന്നും എന്റെ പക്കൽ ഇല്ല (അ. പ്ര. 3:6). തന്റെ രാജ്യത്തിന്റെ സവിശേഷത എന്തെന്ന് കർത്താവ് പീലാത്തോസിനോട് വിശദീകരിക്കുന്നു: എന്റെ രാജ്യം ഐഹികമല്ല (യോഹ. 18:36). കൂടെയുണ്ടായിരുന്ന ശിഷ്യസമൂഹം സംഘടനാ രൂപം പ്രാപിച്ചപ്പോഴും ആത്മീയനേതൃത്വം ധനവിനിമയ വിഷയത്തിൽ പ്രവേശിച്ചിരുന്നില്ല. അവർ നീതിപൂർവ്വം അവ നിർവഹിക്കുന്നതിനുള്ള സംവിധാന സൃഷ്ടിക്കാണ് ശ്രമിച്ചത്. വിശ്വാസിസമൂഹവും നശ്വരമായ സ്വത്തിന്റെ പരിപാലനമല്ല നിയോഗമായി തിരിച്ചറിയേണ്ടത്. നീതിയും സ്നേഹവും പുലരുന്ന സമൂഹ സൃഷ്ടിക്കുള്ള ആശയ സംവേദനമായാണ് സഭയുടെ വിളിയായി കാണേണ്ടതെന്ന് ക്രിസ്തു ആഗ്രഹിക്കുന്നു. അതുകൊണ്ട് കർത്താവ് ധനത്തിൽ മനസ്സ് വ്യാപരിക്കുന്നവന്റെ ഗതി എന്താകും എന്ന് തുടർന്ന് പറയുന്നു (ലൂക്കോ. 12:21), ധന-അധികാര മേഖലകളുടെ കയ്യാളൽ ശിഷ്യസമൂഹത്തെ പൊതുവായും ആത്മീയനേതൃത്വത്തെ പ്രത്യേകിച്ചും അഴിമതിയിലേക്കും അധികാരഭ്രമത്തിലേക്കും നയിച്ച് സഭ എന്ന നിലയിൽ അതിന്റെ സാക്ഷ്യം നഷ്ടപ്പെടുത്തും എന്ന അറിയിപ്പാണ് കർത്താവ് ഇ വിടെ നൽകുന്നത്. അധികാരം അഴിമതിയിലേക്കും സാമ്പത്തികാധികാരം ഏകാധിപത്യത്തിലേക്കും ശിഷ്യസമൂഹത്തെയും സഭയെയും നയിക്കുമെന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു.

**പാങ്കോട് സെന്റ് ജോൺസ് ഓർത്തഡോക്സ് സുറിയാനി പള്ളി കൂദാശ ചെയ്തു.**

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ പുനർനിർമ്മാണം പൂർത്തിയാക്കിയ പാങ്കോട് സെന്റ് ജോൺസ് ഓർത്തഡോക്സ് സുറിയാനി പള്ളിയുടെ വി. മൂറോൻ അഭിഷേക കൂദാശ 2024 നവംബർ 3, 4 തീയതികളിൽ നടത്തപ്പെട്ടു. ഭദ്രാസന മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ നടന്ന കൂദാശ ശുശ്രൂഷകൾക്ക് കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെയും കൊച്ചി, അങ്കമാലി, കണ്ടനാട് വെസ്റ്റ് എന്നീ ഭദ്രാസനങ്ങളിലെയും വൈദികരും സഹകാർമ്മികരായി. 2004 ൽ സ്ഥാപിതമായ ഈ ദേവാലയത്തിന്റെ വളർച്ച ദ്രുതഗതിയിലായിരുന്നു. ഇരുപത്തിയഞ്ച് വീട്ടുകാർ ചേർന്ന് ആരംഭിച്ച ഈ ഇടവകയിൽ ഇന്ന് 100 ഭവനങ്ങൾ അംഗങ്ങളായിട്ടുണ്ട്. വിശ്വാസസമൂഹത്തിന്റെ ആരാധനയിലുള്ള പങ്കാളിത്തം വർദ്ധിച്ചുവന്ന സാഹചര്യത്തിലാണ് പുതിയ ദേവാലയം നിർമ്മിക്കാൻ ഇടവകാംഗങ്ങൾ തീരുമാനിച്ചത്. 2023 നവംബർ 12-ാം തീയതി ശിലാസ്ഥാപനം നിർവ്വഹിച്ച പുതിയ ദേവാലയം ഒരുവർഷംകൊണ്ട് പൂർത്തീകരിച്ചാണ് കൂദാശ ചെയ്തത്. രണ്ട് ഘട്ടങ്ങളായി നടന്ന കൂദാശ ശുശ്രൂഷകൾക്കും തുടർന്ന് നടന്ന വിശുദ്ധ കുർബാനയ്ക്കും നൂറുകണക്കിന് വിശ്വാസികൾ സംബന്ധിച്ചു. കൂദാശ ചടങ്ങുകൾക്ക് വികാരിമാരായ ഫാ. ഏലിയാസ് ചെറുകാട്ട്, ഫാ. മാത്യൂസ് കാഞ്ഞിരംപാറ, പള്ളി ട്രസ്റ്റി ശ്രീ. എൽദോ വർഗീസ്, സെക്രട്ടറി ശ്രീ. ജോർജ് മാമ്മൻ എന്നിവർ നേതൃത്വം നൽകി.


**അനുസ്മരണം**

# ഫാ. ജോൺ വർഗീസ് വള്ളിക്കാട്ടിൽ: സമർപ്പിതനായ കർമ്മയോഗി

ഫാ. ബിനോയി ജോൺ

'വിജയം വരിക്കുന്നവന് ഞാൻ നിഗൂഢ മന്ന നൽകും. അവന് ഞാൻ ഒരു വെള്ളക്കല്ലും കൊടുക്കും. അതിൽ ഒരു പുതിയ നാമം കൊത്തിയിരിക്കും. അതെന്തെന്ന് സ്വീകരിക്കുന്നവനൊഴികെ മറ്റാരും അറിയുകയില്ല' (വെളി. 2:17). വെളിപാട് പുസ്തകത്തിൽ വിവരിക്കുന്ന വെള്ളക്കല്ലിന്റെ മാന്ത്രിക ചിന്തയുമായി ബന്ധപ്പെട്ട വ്യാഖ്യാനം മാറ്റി നിർത്തുക. എന്നാൽ മത്സരത്തിൽ വിജയിക്കുന്നവർക്ക് നൽകുന്ന സാക്ഷ്യപത്രവുമായി ബന്ധപ്പെട്ട വ്യാഖ്യാനമനുസരിച്ച് ക്രിസ്തു തന്റെ വിശ്വസ്തർക്ക് വിജയത്തിന്റെ സാക്ഷ്യപത്രം നൽകും. അത് അവരെ സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ അർഹരാക്കും. യേശുവുമായ ഗാഢമായ സ്നേഹബന്ധമാണ് വെള്ളക്കല്ലിന്റെ സൂചന. അപ്പോസ്തലനായ വി. പൗലോസ് പറയുന്നു: 'ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്തുസൂക്ഷിച്ചു. അതുകൊണ്ട് നീതിയുടെ കിരീടം എനിക്കായി കാത്തിരിക്കുന്നു (2. തീമോ 4:7). തന്റെ ഭൗമിക ജീവിതദൗത്യം പൂർത്തിയാക്കി ജോൺ വള്ളിക്കാട്ടിലച്ചൻ 2024 ഒക്ടോബർ 21 ന് സ്വർഗ്ഗീയ വാഗ്ദാനം സ്വീകരിക്കാൻ യാത്രയായി.

ഐക്കരനാട് കരയിൽ പ്രമുഖ നെച്ചുപ്പാടം-ചെന്നക്കാട്ട് കുടുംബം തായ്‌വേരായ വള്ളിക്കാട്ടിൽ വി. വി. വർഗീസ്-ഏലമ്മ ദമ്പതികളുടെ മകനായി 26.07.1952 ൽ അച്ചൻ ജനിച്ചു. സ്കൂളവധിക്കാലം വലമ്പൂരുള്ള അമ്മ വീട്ടിൽ സമപ്രായക്കാരായ ബന്ധുക്കളോടൊപ്പം ചെലവഴിക്കുന്നതിലായിരുന്നു



താത്പര്യം. അക്കാലയളവിൽ വലമ്പൂർ പള്ളി വികാരിയായിരുന്ന സാത്വികനായ മേച്ചങ്കരയച്ചന്റെ വ്യക്തി-ശുശ്രൂഷാജീവിതമാണ് കുഞ്ഞ് ജോണിനെ വൈദിക ശുശ്രൂഷാജീവിതം സ്വീകരിക്കുന്നതിന് ആകർഷകമായത്. തന്റെ ചെറുപ്പകാലത്തു തന്നെ പൗലോസ് മാർ ഫിലക്സിനോസ് തിരുമേനി (ശ്രേഷ്ഠ ബസേലിയോസ് പൗലോസ് II കാതോലിക്ക) യുമായി പുലർത്തിയ അടുപ്പം വൈദിക ശുശ്രൂഷാജീവിതം സ്വീകരിക്കണമെന്ന ആഗ്രഹം പൂർത്തിയാക്കുന്നതിന് ആക്കം കൂട്ടി. ഊഷ്മളമായ വ്യക്തിബന്ധം കാത്തുസൂക്ഷിക്കാൻ ഇഷ്ടപ്പെട്ടിരുന്ന അച്ചൻ കളപ്പുരയ്ക്കൽ ജോൺ അച്ചനോടും കുടുംബത്തോടും പുലർത്തിയ ഹൃദ്യമായ ഇഴയടുപ്പമാണ് കോലഞ്ചേരിയിൽ സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് കാരണമായത്. ജോൺ കളപ്പുരയ്ക്കലച്ചന്റെ അകാല വേർപാട് വള്ളിക്കാട്ടിലച്ചനെ അഗാധദുഃഖത്തിലാക്കി.

കണ്ടനാട് ഭദ്രാസന അരമന മാനേജരായി സേവനം അനുഷ്ഠിച്ചിരുന്ന സന്ദർഭത്തിലാണ് ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനി ഭദ്രാസന മെത്രാപ്പോലീത്തയായി അഭിഷിക്തനായത്. തിരുമേനിയുടെയും അച്ചന്റെയും ദീർഘദൃഷ്ടിയോടെയുള്ള പ്രവർത്തനങ്ങൾ ഭദ്രാസനത്തെ ദിശാബോധത്തോടെ നയിക്കുന്നതിന് വേഗത നൽകി. വൈദികരുടെയും കുടുംബത്തിന്റെയും ക്ഷേമത്തിനായി ക്ഷേമ പദ്ധതികൾ, കണ്ടനാട് ഭദ്രാസന എംപ്ലോയിസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, യൂക്കറിസ്റ്റിക് നെക്ടാർ, ട്രിനിറ്റി റിട്ടയർമെന്റ് ഹോം എന്നിവ അച്ചൻ മുൻകൈയെടുത്ത് ഭദ്രാസനം ആരംഭിച്ച സംരംഭങ്ങളാണ്. സഭാ തർക്കം സംബന്ധിച്ച് സുപ്രീം കോടതിയിൽ നിന്നുള്ള വിധി എപ്രകാരമായിരിക്കാം എന്നതു സംബന്ധിച്ച ആശങ്ക പാത്രിയർക്കീസ് വിഭാഗ നേതൃത്വത്തിനുണ്ടായിരുന്നു. വിധി തികച്ചും ഏകപക്ഷീയമായി പാത്രിയർക്കീസ് പക്ഷത്തിന് എതിരായാൽ വിശ്വാസിസമൂഹത്തെ കൂടെ

നിർത്തുന്നതിനാവശ്യമായ ഒരുക്കങ്ങൾ നേതൃനിരയിൽ നടന്നുവന്നിരുന്ന സന്ദർഭം കൂടിയായിരുന്നു 1990 കളുടെ ആദ്യ പാദം. അതിന്റെ ഭാഗമായി ഭദ്രാസനത്തിൽ വിവിധയിടങ്ങളിൽ പുതിയ ചാപ്പലുകൾ നിർമ്മിച്ച് ആരാധന ആരംഭിച്ചു. അച്ചന്റെ മേൽനോട്ടത്തിൽ ആരംഭിച്ചതായിരുന്നു പാറേപ്പീടിക സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ചാപ്പൽ. അതുപോലെ സഭാ തലത്തിൽ ആരംഭിച്ച മറ്റൊരു സംരംഭമായിരുന്നു അഖില മലങ്കര സുവിശേഷ യോഗം. ഈ യോഗത്തിൽ ഗായക സംഘത്തിന്റെ പരിശീലനത്തിന് ആദ്യകാലത്ത് നേതൃത്വം നൽകിയിരുന്നത് ബഹു. അച്ചൻ ആയിരുന്നു. ഭദ്രാസനത്തിന്റെ മുഖപത്രമായ ഡയോസിഷൻ ബുള്ളറ്റിനിൽ അഭി. തിരുമേനി എഴുതിയ 'മലങ്കരസഭയുടെ ഘടന മാറണം' എന്ന ലേഖന പരമ്പരയെത്തുടർന്ന് ബുള്ളറ്റിന്റെ പ്രധാന ചുമതലക്കാരനായ അച്ചനെ കൺവൻഷന്റെ ഉത്തരവാദിത്വത്തിൽ നിന്നും ബന്ധപ്പെട്ടവർ മാറ്റുകയാണുണ്ടായത്.

1995 ൽ സുപ്രീം കോടതിയിൽ നിന്നും സഭൈക്യത്തിനനുകൂലമായി വിധിയുണ്ടായപ്പോൾ തിരുമേനിയോടൊപ്പം അച്ചൻ നിലപാടെടുത്തു കൂടെ നിന്നു. പാത്രിയർക്കീസ് പക്ഷത്തോട് കടുത്ത അനുകൂല നിലപാട് പുലർത്തിയിരുന്ന കുടുംബാംഗങ്ങളെ സഭൈക്യത്തിനായി നിലപാടെടുപ്പിക്കുന്നതിന് അച്ചന് സാധിച്ചു. സമകാലീനരായ പല വൈദികരും അത്മായരും പിൽക്കാലത്ത് കളം മാറിയപ്പോഴും അച്ചനും കുടുംബാംഗങ്ങളും ഐക്യനിലപാടിൽ ഉറച്ചു നിന്നു. അതിന്റെ പേരിൽ അച്ചന്റെ ഉത്സാഹത്തിൽ ആരംഭിച്ച കോലഞ്ചേരി ചാപ്പലിൽ നിന്ന് അദ്ദേഹം നിഷ്കാസിതനായി. മൂവാറ്റുപുഴ അരമനയിൽ വെച്ച് ഒരു കൊച്ചച്ചൻ അച്ചനെ കയ്യേറ്റം ചെയ്യുകയും വയറിൽ ചവിട്ടുകയും ചെയ്തു. അതു തടയാൻ ശ്രമിച്ച ജോയി തോമസച്ചന്റെ കൈപ്പത്തിയുടെ അസ്ഥി പൊട്ടുകയുമുണ്ടായി. അച്ചന്റെ കൈയിൽ സർജറിയുടെ കല ഇപ്പോഴും അവശേഷിക്കുന്നുണ്ട്. വള്ളിക്കാട്ടിലച്ചന്റെ ഓർമ്മയ്ക്കായി അത് നിലനിൽക്കട്ടെ.

മനുഷ്യനെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതികൾ നിഗൂഢമാണ്. അച്ചന്റെ ജീവിതഗതിയെ മാറ്റുന്നതിനുള്ള ദൈവത്തിന്റെ ഇടപെടലായിരുന്നു തന്റെ ബസ്ക്യാമയ്ക്കുണ്ടായ ക്യാൻസർ രോഗം. രോഗത്തിന്റെ തീവ്രത കൂടിയും കുറഞ്ഞും അനുഭവപ്പെട്ടു കൊണ്ടിരുന്നു. ഈ സന്ദർഭത്തിലാണ് കുടുംബസമേതം കരിസ്മാറ്റിക് ധ്യാനത്തിന് പോകുന്നതിന് പ്രേരണയുണ്ടായത്. രോഗകാലത്ത് അമ്മായി അനുഭവിച്ച ആത്മീയാനുഭവവും ആശ്വാസവും തനിക്കു ചുറ്റുമുള്ളവർക്കും ലഭിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. പ്രസംഗ പ്രാവീണ്യമില്ലാതിരുന്ന അച്ചൻ കരിസ്മാറ്റിക് ധ്യാനവും പ്രസംഗവും നയിക്കാൻ തുടങ്ങി. ഇതിനിടയിൽ ചെന്നക്കാട്ട് കുര്യാക്കോസ് ചേട്ടനും കരിസ്മാറ്റിക് ആത്മീയതയിൽ കൂട്ടുചേർന്നു. കുര്യാക്കോസ് ചേട്ടന്റെ ഉടമസ്ഥതയിലുള്ള ലൗഡെൻസ് ലോഡ്ജ് സുഖദാ ധ്യാന കേന്ദ്രം എന്ന് നാമകരണം ചെയ്ത് താത്കാലികമായി ധ്യാനശുശ്രൂഷകൾക്ക് തുടക്കം കുറിച്ചു. വൈദികരുൾപ്പെടെ പലരും കരിസ്മാറ്റിക് ധ്യാനം കൂടുന്നതിന് അവരെ വിവിധ ധ്യാനകേന്ദ്രങ്ങളിലേക്കയച്ചു. ഭദ്രാസനത്തിന് സ്വന്തമായി ഒരു ധ്യാനകേന്ദ്രം ഉണ്ടാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. കോലഞ്ചേരി പള്ളിയുടെ പിറകുവശത്ത് തിരുമേനി വാങ്ങിയിരുന്ന സ്ഥലത്ത് സുഖദ ധ്യാനകേന്ദ്രം പണിയുന്നതിന് ശ്രമം ആരംഭിച്ചു. ചുരുങ്ങിയ നാളുകൾകൊണ്ട് സുഖദ ധ്യാനകേന്ദ്രം ഒരു സ്ഥിരസംവിധാനം എന്ന നിലയിൽ പ്രവർത്തനം ആരംഭിച്ചു. ആഴ്ചതോറും അവിടെ നടത്തി വന്ന ആന്തരിക സൗഖ്യ ധ്യാനവും വെള്ളിയാഴ്ച ആരാധനയും അനേകം കുടുംബങ്ങൾക്കും വ്യക്തികൾക്കും ആശ്വാസമായി മാറി. ഈ ശുശ്രൂഷയുടെ വളർച്ചയ്ക്ക് തിരുമേനി നൽകിയ കലവറയില്ലാത്ത പിന്തുണയാണ് പലരിൽ നിന്നും ഉയർന്ന എതിർപ്പിനെ അതിജീവിക്കാൻ അച്ചന് കരുത്തു നൽകിയത്. സുഖദയുടെ പ്രവർത്തനത്തിന്റെ മറ്റൊരു രൂപമായിരുന്നു സുഖദ ബാലഗ്രാം. അനാഥത്വവും നിസ്സഹായതയും അനുഭവിച്ച ആൺകുട്ടികളുടെ സംരക്ഷണത്തിനാണ് ഈ പ്രസ്ഥാനം ആരംഭിച്ചത്. ചില സന്ദർഭങ്ങളിൽ ദൈവത്തോട് മൽപ്പിടുത്തം നടത്തുന്നതിന് ദൈവം നമ്മെ വെല്ലുവിളിക്കും. യാക്കോബിനെ ദൈവം വെല്ലുവിളിച്ചതുപോലെ അച്ചനെയും ദൈവം വെല്ലുവിളിക്കുകയായിരുന്നു. ഒരു പോരാളിയെപ്പോലെ ആ വെല്ലുവിളി ഏറ്റെടുത്തതാണ് അച്ചന്റെ സവിശേഷത.

അദ്ദേഹത്തിന്റെ ജീവിതത്തിൽ മനുഷ്യനെന്ന നിലയിൽ അദ്ദേഹത്തിനുണ്ടായിട്ടുള്ള കുറവുകൾ ദൈവം പരിഹരിക്കട്ടെ. അച്ചന്റെ പ്രത്യേക വാത്സല്യവ്യം കരുതലും എന്നും ഞാൻ അനുഭവിച്ചിട്ടുണ്ട്. അവസാനമായി അച്ചൻ വി. കുർബാനയിൽ സംബന്ധിച്ചത് കോലഞ്ചേരി ട്രിനിറ്റി റിട്ടയർമെന്റ് ഹോമിലെ ചാപ്പലിൽ ആയിരുന്നു. ആശുപത്രിക്കിടക്കയിൽ മരണാസന്നനായി കഴിഞ്ഞ സന്ദർഭത്തിൽ അച്ചനെ സന്ദർശിച്ച് പ്രാർത്ഥിക്കുന്നതിനും അച്ചന്റെ അനുഗ്രഹം ലഭിക്കാനിടയായതും കൃതജ്ഞതയോടെ അനുസ്മരിക്കുന്നു. അച്ചന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു.

പ്രതികരണം

# ചില ബ്രസീൽ അനുഭവങ്ങൾ

ഡോ. എം. പി. മത്തായി

ഗുജറാത്ത് വിദ്യാപീഠിൽ യു.ജി.സി പ്രൊഫസർ ആയിരുന്നപ്പോൾ 2013-14 ൽ എന്റെ വിദ്യാർത്ഥിയായിരുന്ന ലെയാൻഡ്രോ ഉച്ചാവോയുടെ പ്രതിരോധിക്കാനാവാത്ത നിർബ്ബന്ധത്തിനു വഴങ്ങിയാണ് ഇക്കഴിഞ്ഞ സെപ്റ്റംബർ മാസത്തിൽ ഗാന്ധിയൻ ചിന്തകളെ, പ്രത്യേകിച്ചും ഗാന്ധിയൻ അഹിംസയെ, അധികരിച്ചുള്ള ഏതാനും പരിപാടികൾ ചെയ്യാനായി ഞാൻ ബ്രസീൽ സന്ദർശിച്ചത്. സെപ്റ്റംബർ 12 മുതൽ 24 വരെയായിരുന്നു സന്ദർശനം.

അമേരിക്കയിലെ തെക്കൻ സംസ്ഥാനമായ ടെക്സസിലെ, കേരളീയർക്ക് സുപരിചിതമായ, ഹൂസ്റ്റനിൽ നിന്ന് ഏകദേശം പതിമൂന്ന് മണിക്കൂർ യാത്ര ചെയ്താണ് ബ്രസീലിലെ പ്രധാന നഗരമായ റിയോ ദി ജനയ്റൊയിൽ എത്തിയത്. റിയോ കൂടാതെ പെട്രോപ്പൊലിസ്, സൗ പൗലോ എന്നീ സ്ഥലങ്ങളിലുമായി നാലു പ്രധാന പരിപാടികളായിരുന്നു ഷെഡ്യൂൾ ചെയ്തിരുന്നത്.

എന്റെ ആതിഥേയനായിരുന്ന ലെയാൻഡ്രോയെ ആദ്യം പരിചയപ്പെടുത്താം. നാല്പത്തിയാറുകാരനും, അവിവാഹിതനുമായ അദ്ദേഹത്തിന്റെ ഇഷ്ടപ്പെട്ട തൊഴിൽ എഴുത്തായിരുന്നു. എന്നാൽ എഞ്ചിനീയറിംഗ് പഠിക്കേണ്ടിവന്നു. സർക്കാർ സർവ്വീസിൽ എഞ്ചിനീയർ ആയി.

തൊഴിലിൽ നിന്ന് വേണ്ടത്ര സംതൃപ്തി ലഭിക്കാതെ വന്നപ്പോൾ ജോലി ഉപേക്ഷിച്ച് ജേർണലിസ്റ്റ് ആയി. ഒരു പ്രധാന പത്രത്തിന്റെ ലേഖകനായി ജോലിചെയ്യുമ്പോഴാണ് ബ്രസീൽ സമൂഹത്തിലെ സംഘർഷങ്ങളെപ്പറ്റി കൂടുതൽ വ്യക്തമായ അറിവ് ലഭിച്ചത്. സംഘർഷങ്ങൾ കൃത്യമായി റിപ്പോർട്ട് ചെയ്യുകയല്ല, മറിച്ച് അവ പരിഹരിക്കുന്നതിന് തന്നാൽ കഴിയുന്നത് ചെയ്യുകയാണ് വേണ്ടത് എന്ന് വിചാരം അദ്ദേഹത്തിൽ ഒരു ഉറച്ച ബോധ്യമായിത്തീർന്നു. അങ്ങനെ ലെയാൻഡ്രോ സംഘർഷ പരിഹാരത്തെപ്പറ്റി-Conflict Resolution പഠിക്കാൻ തുടങ്ങി. പഠനം അദ്ദേഹത്തെ ഗാന്ധിയിൽ എത്തിച്ചു. സംഘർഷങ്ങൾ പരിഹരിച്ച് മുന്നോട്ടു പോകാനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം ഗാന്ധിയുടെ അഹിംസാ മാർഗ്ഗമാണെന്ന് അദ്ദേഹത്തിന്റെ ജീവിതവും, ചിന്തകളും വായിച്ചപ്പോൾ ലെയാൻഡ്രോയ്ക്ക് വ്യക്തമായി. തുടർന്ന് ഗാന്ധിമാർഗ്ഗം കൂടുതൽ പഠിക്കാനായി, ഗാന്ധിജി സ്ഥാപിച്ച ഗുജറാത്ത് വിദ്യാപീഠിൽ എത്തി. അങ്ങിനെയാണ് ലെയാൻഡ്രോ എന്റെ വിദ്യാർത്ഥിയായത്. പഠനം കഴിഞ്ഞ് ബ്രസീലിൽ മടങ്ങിയെത്തിയ അദ്ദേഹം ഒരു പൂർണ്ണസമയ സമാധാന പ്രചാരകനായി മാറി. 'ശാന്തി ബ്രസീൽ' എന്ന പേരിൽ ഒരു സംഘടന സ്ഥാപിച്ച് പ്രവർത്തിക്കുവാൻ തുടങ്ങി. ലെയാൻഡ്രോ, അയാളുടെ പ്രവർത്തനങ്ങൾളുടെ ഊർജ്ജസ്രോതസ്സായ ഗാന്ധിയൻ ദർശനത്തെ സഹപ്രവർത്തകർക്കും, സഹകാരികൾക്കും വ്യക്തമാക്കിക്കൊടുക്കാൻ വേണ്ടിയാണ്, എന്നെ ക്ഷണിച്ചതും, ഒട്ടൊക്കെ സാഹസികമായ ആ യാത്ര ഞാൻ ഏറ്റെടുത്തതും.

യാത്രയിൽ മെക്സിക്കോ സിറ്റിയിൽ നിന്ന് മെക്സിക്കോയിലെ എന്റെ വിദ്യാർത്ഥിയും, സുഹൃത്തും, സഹോദരനുമായ ഫെർണാണ്ടോയും, സഹധർമ്മിണി മരിയയും എന്നോടൊപ്പം ചേർന്നു. കഴിഞ്ഞ കുറെ വർഷങ്ങളായി ഞങ്ങൾ ഒരു ടീം ആയിട്ടാണ് സെൻട്രൽ അമേരിക്കയിലും, ആഫ്രിക്കൻ രാജ്യങ്ങളിലും സമാധാന പഠന-പരിശീലന പരിപാടികൾ നടത്താറുള്ളത്.

റിയോ നഗരത്തെ വേണ്ടവിധം പരിചയപ്പെടുത്തണമെങ്കിൽ ഒരു ലഘു ഗ്രന്ഥം തന്നെ എഴുതേണ്ടിവരും. ലോകത്തിലെ ഏറ്റവും കൂടുതൽ സാംസ്കാരിക വൈവിദ്ധ്യമുള്ള രാജ്യങ്ങളിൽ ഒന്നായ ബ്രസീലിന്റെ ശരിയായ ഒരു പരിച്ഛേദമാണ് റിയോ ദി ജനയ്റൊ. വൈവിദ്ധ്യങ്ങൾകൊണ്ട് സമ്പന്നമാണ് ഈ നഗരം. റിയോയിൽ നിന്ന് ഏകദേശം മൂന്നു മണിക്കൂർ അകലത്തിലുള്ള പെട്രോപ്പൊലിസ് എന്ന പട്ടണത്തിന്റെ പ്രാന്തത്തിലുള്ള കാസ ഡോസ് ഫലിസാഡോസ് എന്ന ക്യാമ്പ് സൈറ്റിൽ വെച്ചായിരുന്നു ആദ്യത്തെ ത്രിദിന ക്യാമ്പ്. 'ശാന്തി ബ്രസീൽ' ഫാക്കൽറ്റി അംഗങ്ങളും, സഹകാരികളുമായിരുന്നു പങ്കാളികളിൽ അധികം പേരും. ഗാന്ധിയൻ ജീവിതദർശനം, സത്യാഗ്രഹം എന്നിവയായിരുന്നു മുഖ്യ പഠനവിഷയങ്ങൾ.

ഡോസ് ഫിലാഡോസ് എന്ന ഈ ക്യാമ്പ് സൈറ്റിന്റെ ഉടമസ്ഥർ ഒരു സ്വവർഗ്ഗ ദമ്പതികളാണ്-gay couple. അവരിൽ ഒരാൾ യൂറോപ്യൻ വംശജനും, മറ്റേയാൾ ആഫ്രിക്കൻ വംശജനുമാണ്. ഇവരിലെ യൂറോപ്യൻ വംശജൻ ഗാന്ധിയെ കുറെയൊക്കെ പഠിച്ചിട്ടുള്ളയാളും, ഗാന്ധിയുടെ ആരാധകനുമാണ്. ഈ സെന്ററിലെ കോൺഫ്രൻസ്

ഹോളിന് 'ഗാന്ധി റൂം' എന്നാണ് പേര് നൽകിയിട്ടുള്ളത്. അതിമനോഹരമായി അലങ്കരിച്ച ഗാന്ധിയുടെ ഒരു അർദ്ധകായ രൂപം ഹോളിന്റെ വേദിക്കുപിന്നിൽ ഒരു ആൾത്തരപോലെ സംവിധാനം ചെയ്ത ഭാഗത്ത് സ്ഥാപിച്ചിരിക്കുന്നു. ഈ ഹോളിൽ കസേരകൾ ഇല്ല. ശാരീരിക ബുദ്ധിമുട്ടുകൾ മൂലം ചമ്രംപടിഞ്ഞിരിക്കാൻ കഴിയാത്തവർ ഒഴികെ മറ്റെല്ലാവരും തറയിൽതന്നെ ഇരിക്കണം എന്നതാണ് ആ മുറി ഉപയോഗിക്കുന്നതിനുള്ള നിബന്ധന. ഗാന്ധിയൻ ആശ്രമങ്ങളിൽ അനുവർത്തിച്ചുവരുന്ന ഈ രീതി ഒരു ഗാന്ധിയൻ ശൈലിയായിട്ടാണ് അവർ കരുതുന്നത്. ചടങ്ങുകൾക്ക്ഒരു ഗാന്ധി സ്പർശം കിട്ടും എന്ന ധാരണയിലാണ് ഈ നിഷ്കർഷ.

ഈ സെന്ററിന്റെ വളരെ അടുത്തുള്ള ഇറ്റെപാവ എന്ന സ്ഥലത്താണ് വിമോചന ദൈവശാസ്ത്രത്തിന്റെ മുൻഗാമികളിൽ പ്രധാനിയായ ലിയനാർഡോ ബോഫ് ഇപ്പോൾ താമസിക്കുന്നത്. നിർഭാഗ്യവാശാൽ ക്യാമ്പ് കഴിഞ്ഞ് റിയോയിൽ മടങ്ങിയെത്തിയ ശേഷമാണ് ലിയാൻഡ്രോ എന്നോട് ഈ വിവരം പറഞ്ഞത്. ലിയാൻഡ്രോയുടെ ഒരു പുസ്തത്തിന് ബോഫാണ് അവതാരിക എഴുതിയിട്ടുള്ളത്. ബോഫിനെ അത്രകണ്ടു പരിചയമുണ്ടായിരുന്നു ലിയാൻഡ്രോക്ക്. അതുകൊണ്ട് ശ്രമിച്ചിരുന്നെങ്കിൽ അദ്ദേഹത്തെ നേരിൽ കാണാനാകുമായിരുന്നു. കഴിയാതെപോയതിൽ വല്ലാത്ത നഷ്ടബോധം തോന്നി.

എന്റെ പ്രധാനപ്പെട്ട രണ്ടാമത്തെ പരിപാടി റിയോയിൽ നിന്ന് ഏകദേശം 450 കിലോ മീറ്റർ അകലെയുള്ള സൗ പൗലോ നഗരത്തിലെ 'പലാസ് അഥേന' എന്ന സാംസ്കാരിക കേന്ദ്രത്തിലായിരുന്നു-സെപ്റ്റംബർ 18 ന്.

എന്റെ നിർബന്ധപ്രകാരം റിയോയിൽ നിന്ന് സൗ പൗലോയിലേക്ക് റോഡ് മാർഗ്ഗമാണ് ഞങ്ങൾ യാത്ര ചെയ്തത്. ഒരു ദേശത്തിന്റെ ഭൂപ്രകൃതി കണ്ടു മനസ്സിലാക്കാനും, പ്രകൃതിഭംഗി ആസ്വദിക്കാനും ഉപരിതലയാത്രകൊണ്ടേ സാധിക്കൂ എന്ന് അറിയാവുന്നതുകൊണ്ടാണ് അപ്രകാരം നിർബ്ബന്ധിച്ചത്. അതുകൊണ്ട് എട്ടുമണിക്കൂർ നീണ്ട ആ ഒറ്റയാത്രയിൽ ബ്രസീലിന്റെ ഭൂപ്രകൃതിയുടെ ഒരേകദേശ രൂപം മനസ്സിലാക്കാൻ സാധിച്ചു. (ആമസോൺ കാടുകൾ കാണുന്നത് അടുത്ത യാത്രയിലാകാം എന്ന് ലിയാൻഡ്രോ).

*തുടരും...*

## OCYM പിറവം മേഖല ഏകദിന സമ്മേളനം



കണ്ടനാട് ഈസ്റ്റ് ഭദ്രാസന യുവജനപ്രസ്ഥാനം പിറവം മേഖല ഏകദിന സമ്മേളനം 2024 നവംബർ 9 ശനിയാഴ്ച വെട്ടിത്തറ സെന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനി പള്ളിയിൽ വച്ച് നടത്തപ്പെട്ടു. ഇടവക വികാരി ഫാ. ജോൺ വി. ജോണിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന് വെട്ടിത്തറ സെന്റ് മേരീസ് യുവജന പ്രസ്ഥാനം സെക്രട്ടറി ആൽവിൻ പോൾ സ്വാഗതം ആശംസിച്ചു. അഖില മലങ്കര ഓർത്തഡോക്സ് യുവജനപ്രസ്ഥാനം ജനറൽ സെക്രട്ടറി ഫാ. വിജു ഏലിയാസ് യോഗം ഉദ്ഘാടനം നിർവഹിച്ചു. സന്തുല ഹോസ്പിറ്റൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഫാ. എഡ്വേർഡ് ജോർജ് **'യുവത്വത്തിന്റെ മുൻപിൽ ആധുനികത ഉയർത്തുന്ന വെല്ലുവിളികൾ'** എന്ന വിഷയത്തെ സംബന്ധിച്ച് ക്ലാസ് നയിച്ചു. മീരാ ജോൺ (സെക്രട്ടറി OCYM പിറവം മേഖല), ജോൺസൺ ചെമ്പാലിൽ (സഭ മനേജിംഗ് കമ്മിറ്റി അംഗം), എ. ജെ. ഏലിയാസ് (സെക്രട്ടറി എൽഡേഴ്സ് ഫോറം പിറവം മേഖല), ജോസഫ് നീലനാൽ (ട്രസ്റ്റി, സെന്റ് മേരീസ് ചർച്ച്, വെട്ടിത്തറ) എന്നിവർ സമ്മേളനത്തിന് ആശംസകൾ നേർന്നു. സമ്മേളനത്തിന് യുവജനപ്രസ്ഥാനം പിറവം മേഖല പ്രസിഡന്റ് ഡീ. ബേസിൽ ജോയി നന്ദി പ്രകാശിപ്പിച്ചു. തുടർന്നു നടന്ന ക്വിസ് മത്സരത്തിൽ വെട്ടിത്തറ സെന്റ് മേരീസ് യുവജനപ്രസ്ഥാനം ഒന്നാം സ്ഥാനവും ഓണക്കൂർ സെഹിയോൻ യുവജനപ്രസ്ഥാനം രണ്ടാം സ്ഥാനവും കരസ്ഥമാക്കി. തങ്കവാക്യ മത്സരത്തിൽ മാമ്മലശേരി മാർ മിഖായേൽ യുവജന പ്രസ്ഥാനം ഒന്നാം സ്ഥാനവും വെട്ടിത്തറ സെന്റ് മേരീസ് യുവജന പ്രസ്ഥാനം രണ്ടാം സ്ഥാനവും കരസ്ഥമാക്കി. തുടർന്ന് ക്യാമ്പിൽ പങ്കെടുത്ത അംഗങ്ങളുടെ പങ്കാളിത്വത്തിൽ നിരവധി ഉല്ലാസപരിപാടികൾ നടത്തപ്പെട്ടു.

# സഭയുടെ ശുദ്ധീകരണം: ക്രിസ്തു ആരാണെന്നുള്ള ബോധ്യത്തിലും, പ്രഖ്യാപനത്തിലും

## വി. മത്തായി 16: 13 – 23

ഫാ. സിബി മാത്യു വർഗീസ്

**ഫി**ലിപ്പിന്റെ കൈസര്യ ഒരു മതകേന്ദ്രമെന്നനിലയിലും, വാണിജ്യകേന്ദ്രമെന്ന നിലയിലും പ്രസിദ്ധമായിരുന്നു. ഈ നഗരത്തിലാണ് മഹാനായ ഹെരോദാവ് സീസർ അഗസ്റ്റിന് ഒരു ക്ഷേത്രം പണിതത്. മഹാനായ ഹെരോദാവിന്റെ മകൻ ഫിലിപ്പ് ഈ നഗരം അവകാശമാക്കുകയും അതിനെ തന്റെ ഭരണ ആസ്ഥാനമാക്കുകയും ചെയ്തു. റോമൻ ഭരണാധികാരികളെ പ്രീതിപ്പെടുത്താനുള്ള ശ്രമത്തിൽ അദ്ദേഹം തന്റെ പേര് കൂടി ചേർത്തു, നഗരത്തിന് കൈസര്യ ഫിലിപ്പി എന്ന് പുനർനാമകരണം ചെയ്തു. ഗ്രീക്ക് കാലഘട്ടം മുതൽത്തന്നെ പുറജാതികളുടെ വിഗ്രഹങ്ങൾ നിറഞ്ഞ ക്ഷേത്രങ്ങളുടെ നഗരമായിരുന്നു ഇത്. റോമൻ ചക്രവർത്തികളുടെ പ്രതിമകൾ സ്ഥാപിച്ചു ദൈവമായി ആരാധിക്കുന്ന പതിവും അവിടെയുണ്ടായിരുന്നു. സ്ഥാപിത മതങ്ങളാൽ ചുറ്റപ്പെട്ടതും, രാഷ്ട്രീയ ശക്തിയും സാമ്പത്തിക ശാസ്ത്രത്തിന്റെ കേന്ദ്രവും, അനേക ആൾ ദൈവങ്ങളുടെ പ്രതിമകളും നിറഞ്ഞ ഈ സ്ഥലത്തേക്കാണ് യേശുവും, ശിഷ്യന്മാരും കടന്നുവരുന്നതും, വളരെ പ്രാധാന്യമർഹിക്കുന്ന രണ്ടു ചോദ്യങ്ങൾ ചോദിക്കുന്നതും. ഒന്ന്, ജനം എന്നേപ്പറ്റി എന്തു പറയുന്നു? (Who do people say that I am?) രണ്ടാമത്, എന്താണ് നിങ്ങളുടെ അഭിപ്രായം? (Who do you say that I am?)

ജനം എന്നെപ്പറ്റി എന്തു പറയുന്നു? ഈ ചോദ്യം ഒരിക്കൽ മാത്രം ചോദിച്ചതായിട്ടാണ് വി. ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ യേശുവെന്ന ഗുരു, ഇടയൻ, സാമൂഹിക പരിഷ്കർത്താവ് ഈ ചോദ്യം ഒരായിരം ആവർത്തി ചോദിച്ചുകാണുമെന്നാണ് ഞാൻ കരുതുന്നത്. ജനത്തിന്റെ അഭിപ്രായങ്ങളും, അവരുടെ ആവശ്യങ്ങളും നിഷേധിച്ചുകൊണ്ടുള്ള നേതാവ് കളി അദ്ദേഹത്തിന് വഴങ്ങില്ല. സഭയിലും, രാഷ്ട്രീയത്തിലുമെല്ലാം നേതാക്കന്മാർ വല്ലപ്പോഴും തങ്ങളെക്കുറിച്ചുള്ള അഭിപ്രായം ജനങ്ങളോട് ആരായുന്നത് നന്നായിരിക്കും. പുരോഹിതൻ ഇടയ്ക്ക് തന്റെ ജനത്തോട് ഈ ചോദ്യം ചോദിക്കണം. അധ്യാപകൻ വിദ്യാർത്ഥിയോട് ചോദിക്കണം. ഭാര്യ-ഭർത്താക്കന്മാർ പരസ്പരം ചോദിക്കണം. അറിയാലോ, എന്താണ് മനസ്സിലിരുപ്പെന്ന്.

ഈ വേദഭാഗത്തു ജനത്തിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ എന്തൊരു ആവേശമായിരുന്നു എല്ലാവർക്കും. ഒരുത്തൻ പറഞ്ഞു യോഹന്നാൻ, മറ്റവൻ ഏലിയാ, അടുത്തവൻ യിരേമിയ... അങ്ങനെ ഒരു നൂറു ഉത്തരങ്ങൾ. ഒന്നുമറിയാത്തവൻ കയ്യീന്നിട്ടും പറഞ്ഞുകാണും. വല്ലവരുടെയും അഭിപ്രായം പറയാൻ അല്ലെങ്കിലും നമുക്ക് എന്തൊരു ആവേശമാണ്. ചില റിയാലിറ്റി ഷോകളിൽ 'ശരത് സാർ പറഞ്ഞതുപോലെയെന്നു' പറഞ്ഞു തുടങ്ങുന്നതുപോലെ... പക്ഷേ ഗുരുവിന്റെ അടുത്ത ചോദ്യത്തിൽ പാവങ്ങൾ പകച്ചുപോയി. 'അതെല്ലാം അവിടെ നിൽക്കട്ടെ; ഞാൻ, 'നിനക്ക്' ആരാണ്? ഹൃദയം കുത്തിമുറിക്കുന്ന ചോദ്യമാണ്. ആൾക്കൂട്ടത്തിൽ ആർത്തുവിളിച്ചു ആരാധിച്ചു ജയ് മുഴക്കി കുറേകാലമായില്ലേ അവന്റെ കണ്ണിൽ പൊടിയിട്ട് ജീവിക്കുന്നു. ആൾക്കൂട്ടത്തിൽ മാത്രം ആമ്മീനും, കുറിയേലായിസോനും പറഞ്ഞു ആരാധിക്കുന്ന മനുഷ്യർ. പക്ഷേ നിനച്ചിരിക്കാത്ത നാഴികയിൽ ഒരു ശരം കണക്കെ ഈ ചോദ്യം നമുക്ക് നേരെ വരാം. ഒഴിഞ്ഞുമാറാനോ, മുൻപിൽ നിൽക്കുന്നവന്റെ നിഴലിന്റെ മറവിൽ ഒളിക്കാനോ ഒന്നും കഴിയാത്തവിധം തികച്ചും വ്യക്തിപരമായ ഒരു ചോദ്യം. A very personal encounter with Christ. അന്നു സഭയെ കുറ്റം പറഞ്ഞും മെത്രാച്ചന്റെയും-അച്ചന്മാരുടെയും കുറ്റവും, കുറവും നിരത്തിയും രക്ഷപെടാൻ കഴിയാത്തവിധം പെടും. ഈ പള്ളിയിൽ എന്നും വഴക്കാണെന്നു കപടന്യായം പറഞ്ഞു ആരാധനയിൽ സംബന്ധിക്കാതിരിക്കുന്ന മര്യാദക്കാരായ സമാധാനത്തിന്റെ വെള്ളരിപ്രാക്കളും സൂക്ഷിക്കണം. ക്രിസ്തു നിനക്ക് ആരാണ് എന്ന ചോദ്യത്തിന് പറഞ്ഞും കേട്ടും പഴകിയ കുറേ ക്ളീഷേ ഉത്തരങ്ങൾ അല്ലാതെ നമ്മുടെ വ്യക്തിജീവിതത്തിൽ ക്രിസ്തുവിനെ കൃത്യമായി അടയാളപ്പെടുത്തുവാനോ, നിർവ്വചിക്കുവാനോ സാധിക്കുന്നുണ്ടോ. ക്രിസ്തു യഥാർത്ഥത്തിൽ ആരാണെന്നു എളുപ്പത്തിൽ ഏറ്റുപറയാൻ പറ്റിയ ഒരു സ്ഥലത്തുവെച്ചല്ല അവന്റെ ചോദ്യം എന്നത് ശ്രദ്ധേയമാണ്. സ്ഥലം ഇത്തിരി പിശകാണ്. ഫിലിപ്പിന്റെ കൈസരിയ. ആത്മസംഘർഷം, മരണഭയം, ഭരണകൂട ഭീകരത, നിലനിൽപ്പിന്റെ-അതിജീവനത്തിന്റെ പ്രതിസന്ധികൾ, എല്ലാത്തിലുമുപരി നാലുപാടും ഉയർന്നുനിൽക്കുന്ന ആൾദൈവങ്ങളുടെ പ്രതിമകൾ... അവിടെവെച്ചു യേശു ദൈവപുത്രൻ ആണെന്ന് വിളിച്ചുപറയാൻ അസാമാന്യ ധൈര്യം വേ

ണം. വിശ്വാസത്തിൽ ഉറച്ച ഉൾകരുത്തുള്ള മനസ്സു വേണം. തികച്ചും സാഹസികമായ ക്രിസ്തീയത (An Adventurous Christianity). ഫിലിപ്പിന്റെ കൈസരിയ പോലെയുള്ള ജീവിതാനുഭവങ്ങളിലൂടെ കടന്നുപോകുമ്പോൾ ക്രിസ്തുവിനെ ജീവിതത്തിൽ എങ്ങനെ നിർവചിക്കുന്നു എന്നതാണ് പ്രസക്തം. സമൃദ്ധിയുടെയും, ക്ഷേമത്തിന്റെയും, സുഖലോലുപതയും കാലത്ത് സ്വസ്ഥമായി സുരക്ഷിത സങ്കേതങ്ങളിൽ (Comfortable Christianity) ഇരുന്നു ക്രിസ്തുവിനെ ഏറ്റുപറയാൻ ആർക്കാണ് കഴിയാത്തത്. അതു വലിയ മേന്മയൊന്നുമല്ല. പക്ഷേ, അല്പം പോലും നിയന്ത്രണവിധേയമല്ലാത്ത ജീവിതസാഹചര്യങ്ങളിൽ എങ്ങനെയാണ് അവനെ സാക്ഷിക്കുന്നത് എന്നതാണ് പ്രധാനം. രോഗത്തിന്റെ, പ്രയാസങ്ങളുടെ, കടബാധ്യതകളുടെ, വേർപാടിന്റെ നടുവിൽ എങ്ങനെയാണ് ക്രിസ്തുവിനെ സാക്ഷിക്കുന്നത്.

നിങ്ങൾ എന്നെപ്പറ്റി എന്തു പറയുന്നു എന്ന ചോദ്യത്തിന് മുൻപിൽ എല്ലാരും പതറിപോയപ്പോൾ എന്നും എടുത്തുചാടി അഭിപ്രായം പറയുന്ന പത്രോസ് പറഞ്ഞു, 'നീ ജീവനുള്ള ദൈവത്തിന്റെ പുത്രൻ, ക്രിസ്തു ആകുന്നു'. അദ്ധ്യാപകന്റെ ചോദ്യത്തിന് ഒരേയൊരു ശരിയുത്തരം പറഞ്ഞ കുട്ടികണക്കെ തലയുയർത്തി പത്രോസ് നിൽക്കുമ്പോൾ, കർത്താവു പറഞ്ഞു ഈ പറഞ്ഞത് നിന്റെ ഉള്ളിലെ മനുഷ്യനല്ല, മറിച്ചു നിന്റെ ഉള്ളിലെ ദൈവാംശമാണ്. നിന്റെ ഉള്ളിൽ കുടികൊള്ളുന്ന ദൈവമാണ് നിനക്ക് ഇത് വെളിപ്പെടുത്തുന്നത്. ഭാരതം ലോകത്തിനു മുന്നിൽ വച്ച മഹാവാക്യങ്ങളാണ് തത്വമസി, അഹം ബ്രഹ്മാസ്മി എന്നിവ. ലോകത്തിന്റെ തന്നെ ബോധധാരയെ നേർവഴിക്കു നയിക്കാൻ പ്രേരിതമായ വാക്യങ്ങളാണിവ. 'ഈശ്വരൻ നീയാണ്' എന്ന ബോധ്യം. ഈശ്വരൻ നിന്നിലാണ് എന്ന തിരിച്ചറിവ്. സ്വർഗ്ഗരാജ്യം നിങ്ങളുടെ ഇടയിലാണ്, നിങ്ങൾതന്നെയാണ് എന്നൊക്കെ അവൻ പറഞ്ഞതും ഈ അർത്ഥത്തിലായിരിക്കും. നീ ദൈവത്തിന്റെ ആലയമാകുന്നു എന്നു പറഞ്ഞത്, പോകുന്ന ഇടങ്ങളിലെല്ലാം, അത് ഫിലിപ്പിന്റെ കൈസര്യ ആയാലും, ബലിപീഠമാകുവാനും, ബലിവസ്തുവാകുവാനുമുള്ള നിയോഗത്തെയും ഓർമിപ്പിക്കുന്നു. യേശു പറഞ്ഞു; 'പത്രോസേ, നീ പാറയാകുന്നു, ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും'. യേശു ദൈവപുത്രനായ ക്രിസ്തുവാണെന്ന വിശ്വാസബോദ്ധ്യത്തിന്മേലാണ് സഭ പണിയപ്പെടേണ്ടത്. അടിസ്ഥാനം ക്രിസ്തുവിലുള്ള ഉറച്ച വിശ്വാസമാണ്. ഇന്നു സഭയിൽ കാണുന്ന മൂല്യച്യുതികൾക്കെല്ലാം കാരണം ഈ അടിത്തറ ഇല്ലായ്മയാണ്. വേണ്ടത്ര അടിസ്ഥാനമില്ലാതെ വെറുതെയിങ്ങനെ അംബരചുംബിയായി നിൽക്കുകയാണ്. എപ്പോൾ വേണമെങ്കിലും നിലംപൊത്താം. പരസ്പരം പഴിചാരി, നേതൃത്വത്തെ കരിവരിതേച്ചു എത്രകാലം ഇങ്ങനെ കഴിയും. അവന്റെ ചോദ്യം തികച്ചും വ്യക്തിപരമാണ്: നിനക്ക് ഞാൻ ആരാണ്? അവിടെ കാതോലിക്ക ശെരിയല്ല, മെത്രാൻ പോക്കാണ്, അച്ചന്മാര് പിഴയാണ് എന്നൊക്കെ പറഞ്ഞാൽ, അരിയെത്ര എന്ന ചോദ്യത്തിന് പയറഞ്ഞാഴിയെന്നു പറയുന്നപോലെയാകും. മാറ്റം വ്യക്തിപരമാകട്ടെ, അത് ക്രമേണ നീ ആയിരിക്കുന്ന സമൂഹത്തെയും സ്വാധീനിക്കും. പത്രോസ് പറഞ്ഞതുപോലെ എടുത്തുചാടി നീ ദൈവപുത്രനായ ക്രിസ്തുവാകുന്നു എന്നു പറഞ്ഞു കയ്യടി നേടാനല്ല.

കാരണം ലോകത്തിന്റെ കുത്തൊഴുക്കിൽ പെട്ട് ഈ ചിന്ത

**കണ്ടനാട് ഈസ്റ്റ് ഭദ്രാസന ദിനം**

കണ്ടനാട് ഈസ്റ്റ് ഭദ്രാസന ദിനമായി സഭയുടെ ശുദ്ധീകരണ ദിനമായ 2024 നവംബർ 3 കൂദോശ് ഈത്തോ ഞായറാഴ്ച ആചരിച്ചു. അന്നേ ദിവസം ഭദ്രാസനത്തിലെ എല്ലാ ദേവാലയങ്ങളിലും ഭദ്രാസനത്തിനുവേണ്ടിയും അതിന്റെ വിവിധ ശുശ്രൂഷകൾക്കുവേണ്ടിയും വി. കുർബ്ബാന മദ്ധ്യേ പ്രത്യേകം പ്രാർത്ഥിക്കുകയും ഭദ്രാസനദിന പിരിവ് ശേഖരിക്കുന്നതിനുള്ള കവറുകൾ വിതരണം ചെയ്യുകയും ചെയ്തു. ഭദ്രാസനത്തിന്റെ പൊതുവായ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി അന്നേ ദിവസം 15 ലക്ഷം രൂപ ഭദ്രാസനത്തിലെ വിവിധ ദേവാലയങ്ങളിൽ നിന്നും അഭ്യുദയകാംക്ഷികളായ സഭാംഗങ്ങളിൽ നിന്നും സമാഹരിക്കാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഭദ്രാസനത്തിലെ മുഴുവൻ കുടുംബങ്ങളിൽ നിന്നും കുറഞ്ഞത് അവരുടെ ഒരു ദിവസത്തെ വരുമാനം എങ്കിലും ഇതിലേക്ക് സംഭാവനയായി നൽകണമെന്ന് ഇടവക മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനി കല്പനയിലൂടെ എല്ലാ ഇടവക പള്ളികളെയും അറിയിച്ചിട്ടുണ്ട്. ഓരോ ഇടവകയിലും സമാഹരിച്ച തുകയും ആ ദിവസത്തെ കാണിക്കയും ചേർത്ത് ഡിസംബർ 31 ന് മുമ്പായി ഭദ്രാസന ഓഫീസിൽ അടച്ച് രസീത് വാങ്ങുകയോ താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിൽ നിക്ഷേപിക്കുകയോ ചെയ്യേണ്ടതാണ്. ബാങ്കിൽ നിക്ഷേപിക്കുന്നവർ ആ വിവരം ഭദ്രാസന ഓഫീസിൽ അറിയിച്ചിരിക്കണം.

**KANDANAD EAST DIOCESE**
**A/c No. 10090100377125, IFSC - FDRL0001009**
**Federal Bank, Muvattupuzha**

എപ്പോൾ വേണമെങ്കിലും വിസ്മരിച്ചേക്കാം. അതാണല്ലോ വല്യതാമസമില്ലാതെ “സാത്താനേ, എന്റെ മുമ്പിൽനിന്ന് പോ! നീ എനിക്ക് ഒരു പ്രതിബന്ധമാണ്. നീ ദൈവത്തിന്റെ കാര്യങ്ങളല്ല, മനുഷ്യരുടെ കാര്യങ്ങളാണ് ചിന്തിക്കുന്നത്'' എന്നു യേശുവിനു പത്രോസിനോട് പറയേണ്ടിവന്നത്. മനുഷ്യരെന്ന നിലയിൽ ഈ മറവി സ്വാഭാവികമാണെങ്കിലും ക്രിസ്തു ആഗ്രഹിക്കുന്നത് അതല്ല. അവന്റെ വിശ്വാസത്തെ ഊട്ടിയുറപ്പിക്കാനാണ് പിന്നീട് അവൻ മൂന്ന് തവണ മറ്റൊരു ചോദ്യം അവനോട് ചോദിച്ചത്. ‘എല്ലാറ്റിനെക്കാളും അധികം നീ എന്നെ സ്നേഹിക്കുന്നുണ്ടോ?‘ അതേ എന്നാണെങ്കിൽ മാത്രം നിനക്ക് എന്റെ ആടുകളെ മേയിക്കാം. അജപാലന ശുശ്രൂഷ എല്ലാറ്റിനെക്കാളും ഉപരിയായി ക്രിസ്തുവിനെ പ്രണയിക്കുന്നവർക്കുള്ളതാണ്. കെട്ടാനും, കെട്ടിക്കാനും, അഴിക്കാനുമൊക്കെ ഇറങ്ങുന്നതിനു മുൻപ് ആദ്യം വേണ്ടത് എനിക്ക്/എന്റെ ജീവിതത്തിൽ ക്രിസ്തു ആരാണ് എന്ന ചോദ്യത്തിന് ഒരുത്തരമാണ്. ‘എന്റെ കർത്താവും, എന്നേക്കും എന്റെ ദൈവവുമേ‘ എന്ന വിശ്വാസബോധ്യത്തിന്മേലാണ് ഭാരത സഭ പണിതുയർത്തിയത്. അത് അയാളുടെ ബോധ്യമായി മാത്രം ചുരുങ്ങിപ്പോയിരിക്കുന്നു. ഇനി സഭ പണിയേണ്ടത് നീയാണ്. അല്ലെങ്കിൽ നീ തന്നെയാണ് സഭ. ഇനി നിന്റെ അവസരമാണ്, പറയൂ, നിനക്ക് അവൻ ആരാണ്? അവിടെ നിന്നു തുടങ്ങാം സഭയുടെ ശുദ്ധീകരണം. കാരണം നിന്റെ നിലപാടുകളാണ് സഭയുടെ ശുദ്ധീകരണത്തിന്റെ അടിസ്ഥാനം. നിന്റെ നിലപാടുകൾ ക്രിസ്തീയമല്ലാതെ വന്നാൽ സഭ അശുദ്ധയാകും, കളങ്കിതയായി തന്നെ തുടരും. നീ ശുദ്ധിയാകും വരെ.

ഏതാണ്ട് ഫിലിപ്പിന്റെ കൈസര്യപോലെയാണ് ഇന്നു സഭാന്തരീക്ഷം. തികഞ്ഞ മതാന്ധത, വാണിജ്യ-വ്യവഹാരങ്ങൾ, മതമേലധ്യക്ഷന്മാരുടെ ആൾദൈവ പരിവേഷം... എന്റെ മോറാൻ, എന്റെ ബാവ, എന്റെ ആബൂൻ എന്നൊക്കെയുള്ള വാഴ്ത്തു പാട്ടുകളിൽ അഭിരമിക്കുന്ന ഇടയന്മാർ. ക്രിസ്തുവിനുപരിയായി മതനേതാക്കന്മാരിലും ‘സഭ’ എന്ന കേവല ഘടനയിലും ആത്മീയത അവസാനിപ്പിക്കുന്ന സഭാസ്നേഹികൾ. ഇവിടെ വീണ്ടും ആ പഴയ ചോദ്യത്തിനു പ്രസക്തിയേറുകയാണ്. നിങ്ങൾക്ക് ഞാൻ ആരാണ്? ഭരണഘടന ഉയർത്തികാണിച്ചു രക്ഷപ്പെടാമെന്നു കരുതേണ്ട. ക്രിസ്തു ആരാണെന്നുള്ള നമ്മുടെ ബോധ്യത്തിലും, പ്രഖ്യാപനത്തിലുമാവട്ടെ സഭയുടെ ശുദ്ധീകരണം.

**കണ്ടനാട് ഈസ്റ്റ് ഭദ്രാസന എൽഡേഴ്സ് ഫോറം**
**ഏകദിന ശില്പശാല**





ഉദ്ഘാടന സമ്മേളനം

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ എൽഡേഴ്സ് ഫോറത്തിന്റെ ഏകദിന ശില്പശാല വെട്ടിത്തറ സെന്റ് മേരീസ് ദേവാലയത്തിൽ വെച്ച് 2024 ഒക്ടോബർ 21 ന് നടത്തപ്പെട്ടു. ഭദ്രാസനത്തിലെ വിവിധ ദേവാലയങ്ങളിൽ നിന്ന് വൈദികർ ഉൾപ്പെടെ 300 പ്രതിനിധികൾ പങ്കടുത്തു. യോഗത്തിൽ ‘വാർദ്ധക്യകാല ആരോഗ്യം: ശ്രദ്ധയും മുൻകരുതലും’ ‘വാർദ്ധക്യകാല മാനസികാരോഗ്യം’ എന്നീ വിഷയങ്ങളെ ആസ്പദമാക്കി ഡോ. എബ്രഹാം ഇട്ടിയച്ചൻ (Professor & HOD, Internal Medicine, MOSC Medical College, Kolenchery), ദിവ്യ കെ. തോമസ് (Clinical Psychologist, Rajagiri Hospital) എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി . തുടർന്ന് നടന്ന ചർച്ചകളിൽ തോമസ് ജോൺ, ജിജി ജോൺസൺ എന്നിവർ മോഡറേറ്റർമ്മാരായിരുന്നു. പിറവം നിയോജകമണ്ഡലം മുൻ എം.എൽ.എ ശ്രീ. എം. ജെ. ജേക്കബ് യോഗം ഉദ്ഘാടനം ചെയ്തു. 2024 വർഷത്തെ സംസ്ഥാന സർക്കാരിന്റെ വയോസേവന അവാർഡ് ജേതാവ് ശ്രീ. എം. ജെ. ജേക്കബ്, വേൾഡ് മാസ്റ്റേഴ്സ് മീറ്റ് സ്വീഡൻ-2024 സ്വർണ്ണ-വെങ്കല മെഡൽ ജേതാവ് ശ്രീ. എം. എസ്. ജോസഫ് മറ്റത്തിൽ എന്നിവരെ ഭദ്രാസന സെക്രട്ടറി ഫാ. എബിൻ എബ്രഹാം പൊന്നാട അണിയിച്ച് ആദരിച്ചു. സംഘടനയുടെ ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. ബിനോയി ജോൺ ആദ്ധ്യക്ഷ്യം വഹിച്ച യോഗത്തിൽ ഫാ. ജോൺ വി. ജോൺ (വികാരി, സെന്റ് മേരീസ് ചർച്ച് വെട്ടിത്തറ) സ്വാഗതവും ശ്രീ. എം. വി. പൗലോസ് (ഭദ്രാസന സെക്രട്ടറി, എൽഡേഴ്സ് ഫോറം ) നന്ദിയും പ്രകാശിപ്പിച്ചു. ഭദ്രാസന സെക്രട്ടറി ഫാ. എബിൻ എബ്രഹാം, ഫാ. അബി പി. യു., ഏലിയാസ് എ. ജെ., തങ്കച്ചൻ ടി. എസ്., കെ. എം. ജോസഫ്, മിനി ജോസഫ്, ചിന്നമ്മ ജോൺ വടാത്ത് എന്നിവർ വിവിധ പരിപാടികൾക്ക് നേതൃത്വം നൽകി.

# നിരണം കുരിശ്: ഒരന്വേഷണം

ഫാ. ജിജോ മത്തായി

**കു**രിശ് ക്രൈസ്തവ സഭയുടെ പ്രധാന പ്രതീകവും, വിശ്വാസത്തിന്റെ ഭാഗവുമാണ്. ഇങ്ങനെയൊരു മാറ്റത്തിന് കാരണമായത് ക്രിസ്തുവിന്റെ ക്രൂശുമരണവും തുടർന്നുള്ള ക്രിസ്തീയ വേദചിന്തയുടെ വളർച്ചയുമായിരുന്നു. റോമൻ ഭരണത്തിലെ കുറ്റവിചാരണ ഉപാധിയായിരുന്ന കുരിശ് കുസ്തന്തീനോസ് രാജാവിന്റെ കാലത്തിനുശേഷം ക്രിസ്ത്യാനികളുടെ പ്രതിനിദാനം ചെയ്യുന്ന പൊതു അടയാളമായിത്തീർന്നു. എന്നാൽ അതിന് മുമ്പ് തന്നെ വി. പൗലോസ് ശ്ലീഹാ തന്റെ ലേഖനങ്ങളിലൂടെയും പ്രസംഗങ്ങളിലൂടെയും കുരിശിന്റെ ദൈവശാസ്ത്രം രൂപപ്പെടുത്തി എന്നത് ശ്രദ്ധേയമാണ്.

യേശു ക്രിസ്തുവിന്റെ ക്രൂശുമരണവും, അതിലൂടെ സൃഷ്ടി മുഴുവനും കൈവന്ന രക്ഷാനുഭവവും മുൻനിർത്തിയാണ് വി. പൗലോസിന്റെ വേദചിന്തയെ വികസിപ്പിക്കുന്നത്. കാലഗതിയിൽ റോമ സാമ്രാജ്യത്തിൽ ക്രൈസ്തവ സഭ ഔദ്യോഗിക മതമായപ്പോൾ കുരിശ് ഒരു മത ചിഹ്നമായി തീർന്നു. അങ്ങനെ കുരിശ് കഴുമരം എന്ന ധാരണയ്ക്കപ്പുറമായി സ്നേഹത്തിന്റെയും, വീണ്ടെടുപ്പിന്റെയും, ദൈവീക കൃപയുടെയും പ്രത്യക്ഷ അടയാളമായി പരിണമിച്ചു. ഈ നിലയിലെല്ലാം കുരിശിന് അർത്ഥം കണ്ടെത്താൻ ശ്രമിക്കുമ്പോൾ അതിൽ ചരിത്രവും, രാഷ്ട്രീയവും വിശ്വാസവും ഇഴ ചേർന്നുനിൽക്കുന്നതായിട്ടാണ് നമുക്ക് തിരിച്ചറിയാൻ സാധിക്കുന്നത്.

കുരിശ് ക്രിസ്തീയ സമൂഹത്തിന്റെ പ്രത്യക്ഷ അടയാളമെന്ന



നിലയിൽ ഓരോ സഭാ പാരമ്പര്യങ്ങളുടെയും വേദശാസ്ത-ചരിത്ര പാരമ്പര്യങ്ങളും കുരിശിനോട് ചേർത്ത് പറയാൻ ശ്രമിക്കാറുണ്ട്. ഇതിന് ഏറ്റവും നല്ല ഉദാഹരണമാണ് കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ ഗൗരവമായ ചർച്ചയ്ക്കും പഠനത്തിനും വിധേയമാകുന്ന പേർഷ്യൻ കുരിശ്. സമാനമായി നിരവധി കുരിശ് മാതൃകകൾ ലോകത്തിലെ വിവിധ ക്രൈസ്തവ പാരമ്പര്യങ്ങളിൽ നമുക്ക് കാണാൻ സാധിക്കും.

കേരളത്തിലെ ക്രൈസ്തവ സഭാ ചരിത്രത്തിൽ കുരിശ് രൂപങ്ങൾക്ക് അദ്ധ്യാത്മീക തലം മാത്രമല്ല മറിച്ച് തലമുറകളായി കൈമാറി വരുന്ന ചരിത്രം, സംസ്കാരം, കലാവൈദഗ്ധ്യം എന്നീ തലങ്ങൾ കൂടി ഉണ്ട്. ഉദാഹരണമായി പുരാതന സുറിയാനി പള്ളികളുടെ ചുവരുകളിലും മേൽകൂരകളിലും വി. മദ്ബഹായ്ക്കുള്ളിലെ കൊത്തുപണികളിലും വിവിധ കുരിശു രൂപങ്ങൾ കാണാൻ സാധിക്കും. ഇന്നത്തെപ്പോലെ ആധുനിക യന്ത്രങ്ങളുടെ സഹായമില്ലാതെ, മനുഷ്യബുദ്ധിയും കലാവിരുതും മഹത്തായി സമ്മേളിച്ചതാണ് ഈ നിർമ്മാണങ്ങൾ ഒക്കെയും. ഏറെ പ്രചാരം ലഭിച്ച പേർഷ്യൻ കുരിശും അതിന്റെ നിർമ്മാണ ചാരുതയും നാം ശ്രദ്ധിക്കേണ്ടതാണ്, കാരണം ഇതിന്റെ ചരിത്ര-സംസ്കാരിക ബന്ധങ്ങളും, വിശ്വാസത്തിൽ ഉറച്ച പ്രതീകാത്മക അടയാളങ്ങളും ചേർന്നുനിൽക്കുന്നതുകൊണ്ടാണ്. അതോടൊപ്പം, പ്രാദേശികമായ രൂപ വ്യത്യാസവും ഓരോ സ്ഥലങ്ങളിലും ഉള്ള തനതു നിർമ്മാണ രീതികളും കുരിശുരൂപങ്ങളിൽ കാണാൻ സാധിക്കും. പേർഷ്യൻ കുരിശും മാർത്തോമൻ കുരിശും ഉൾപ്പെടെ പുരാതന പള്ളികളിൽ കാണാൻ കഴിയുന്ന മറ്റു കുരിശുരൂപങ്ങളിലും ഇവ പ്രകടമായി തന്നെ മനസ്സിലാക്കാവുന്നതാണ്.

മലങ്കര സഭ ചരിത്രത്തിൽ ചില കുരിശ് രൂപങ്ങൾ പൗരാണികതയും രൂപഭംഗിയും കൊണ്ട് ശ്രദ്ധ നേടിയപ്പോൾ, ഏറെ പ്രത്യേകതകൾ ഉണ്ടായിട്ടും ആരും കാര്യമായ പഠനത്തിന് വിധേയമാക്കാത്ത കുരിശ് രൂപമാണ് ഭാരത ക്രൈസ്തവരുടെ ഈറ്റില്ലമായ നിരണം പള്ളിയിലെ പുരാതനമായ മാമോദീസ തൊട്ടിയിൽ കൊത്തിവെച്ചിട്ടുള്ളത്.

### നിരണം കുരിശും-ശൈലിയും

കുരിശു രൂപങ്ങളുടെ തനതു ശൈലിയിൽ നിന്നും ഏറെ വേറിട്ടു നിൽക്കുന്ന ഒരു രൂപമാണ് നിരണം കുരിശിനുള്ളത്. ഇടതു കൈയുടെ അഗ്രം ചുണ്ടൻ വള്ള

ങ്ങളുടെ അമരം പോലെ മുകളിലേക്കും, വലതുകൈയുടെ അഗ്രം ഇതിന്റെ വിപരീത ദിശയിൽ താഴേക്ക് കുനിഞ്ഞുമാണ് ഉള്ളത്. ഈ നിർമ്മാണ രീതിയിൽ ഉള്ള ഒരു കുരിശ് നിരണം പള്ളിയിൽ അല്ലാതെ വേറെ എങ്ങും ഇതുവരെ കണ്ടെത്തിയിട്ടില്ലെന്ന് ഇന്ത്യയ്ക്ക് അകത്തും പുറത്തു നിന്നും ഉള്ളവരായ ചരിത്ര-പുരാവസ്തു ഗവേഷകരുടെ നിരീക്ഷണം. കുരിശുരൂപം കാണുമ്പോൾ സ്വസ്തിക ചിഹ്നത്തോട് ചെറു സാമ്യം ഉണ്ടെങ്കിലും പൂർണ്ണമായും അതിനോട് ചേർച്ചയും ഇല്ല. ഭാരതീയ പാരമ്പര്യത്തിലെ ദേവീദേവന്മാരുടെ വിഗ്രഹശാസ്ത്രമുറപ്രകാരമുള്ള അഭയ-വരദ മുദ്രകളായാണ് നിരണം കുരിശിന്റെ ഇരു കരങ്ങളും ചമച്ചിരിക്കുന്നത്. ബുദ്ധ-ഹിന്ദു മതങ്ങളിൽ വിഗ്രഹത്തിന്റെ വലതു കൈ മേൽപ്പോട്ട് ഉയർന്ന്, ഭക്തന് അഭയം നൽകുന്ന രീതിയിലും. ഇടത് കയ്യാവട്ടെ വരം പ്രദാനം ചെയ്തുകൊണ്ട് പുറത്തേക്ക് നീട്ടിയ മട്ടിലും കാണപ്പെടുന്നു. കൂടാതെ തളിർത്ത കുരിശ് ആണ് നിരണം കുരിശ് എന്നും, കുരിശിന്റെ തളിർപ്പുകളാവാം ഇരു വശത്തും കാണപ്പെടുന്നത് എന്നും പറയുന്നുണ്ട്. ഇതോടൊപ്പം കേരളീയ ചുവർചിത്ര കലാപാരമ്പര്യത്തിൽ ലത അഥവാ വള്ളി എന്ന് പറഞ്ഞുവരുന്ന ഡിസൈനുമായി കുരിശിന്റെ ഇടത് വലത് കൈകൾക്ക് സാമ്യമുണ്ടെന്നും, കൽപ്പണിക്കാരൻ കുരിശിന്റെ തളിർത്ത അവസ്ഥയെ മനോഹരമായി അവതരിപ്പിച്ചതാവണം എന്ന് പുരാതന കേരളീയ നിർമ്മാണ ശൈലികളെ കുറിച്ച് പഠനം നടത്തുന്ന പുരാവസ്തു ഗവേഷണ വിദ്യാർത്ഥിയായ രൂബേൻ ജോൺ ബിനുവിന്റെ നിഗമനം. ഒരു പക്ഷെ നിരണം ദേശത്ത് ഉണ്ടായിരുന്ന ബുദ്ധ സാന്നിദ്ധ്യവും, പുരാതന ഹൈന്ദവ ക്ഷേത്ര പാരമ്പര്യങ്ങളും ഈ കുരിശിന്റെ നിർമ്മാണത്തെ സ്വാധീനിച്ചിരിക്കാം, കാരണം നിലവിൽ ഉള്ള നിരണം പള്ളി ഒരു നൂറ്റാണ്ടിനുമുമ്പ് പുനർനിർമ്മിച്ചത്. നിർമ്മാണ കാലയളവിൽ പഴയ പള്ളിയുടെ ചില ഭാഗങ്ങൾ പുതുക്കി പണിത പള്ളിയുടെ നിർമ്മാണത്തിൽ ഉപയോഗിച്ചിട്ടുണ്ട്, പ്രത്യേകിച്ച് പൗരാണികമായ മാമോദീസ തൊട്ടി. അതിനാൽ ഈ മാമോദീസ തൊട്ടി നിർമ്മിച്ച കാലത്തിന്റെ ചരിത്ര സാഹചര്യം ഇതിന്റെ നിർമ്മാണത്തിൽ ഗൗരവമായ പങ്ക് വഹിച്ചിട്ടുണ്ട് എന്നുവേണം കരുതാൻ.

**നിരണം കുരിശും അന്തർലീനമായിരിക്കുന്ന അർത്ഥതലങ്ങളും**

ക്രൈസ്തവരെ സംബന്ധിച്ച് കുരിശ് കർത്താവിന്റെ മരണത്തിന്റെയും പുനരുത്ഥാനത്തിന്റെയും കുരിശുമൂലം ഉണ്ടായ രക്ഷയുടെയും പ്രതീകമാണ്. ഒപ്പം രക്ഷ പ്രദാനം ചെയ്ത കർത്താവിന്റെ തന്നെ പ്രതീകമായും സഭാ പിതാക്കന്മാർ പഠിപ്പിക്കുന്നു. നിരണം കുരിശിന്റെ രൂപ ഘടന നൽകുന്ന സന്ദേശം സൃഷ്ടിയുടെ വീണ്ടെടുപ്പിനുവേണ്ടി മനുഷ്യനായ ദൈവപുത്രൻ തന്റെ രക്ഷാ സംഭവത്തിൽ കൂടിയുള്ള ഉയരത്തേയും ആഴത്തേയും തമ്മിൽ ഒന്നാക്കി ദൈവീകാനുഗ്രഹങ്ങൾ സർവ്വ സൃഷ്ടിക്കും നൽകുന്നു. വി. മാമോദീസായുടെ അനുഭവത്തിലൂടെ ആ രക്ഷയുടെ കൗദാശിക കൃപകൾ സ്വീകരിക്കാൻ നമ്മെ ക്ഷണിക്കുന്നു എന്നുള്ളതാകാം. ക്രിസ്തു സംഭവത്തിന്റെ (Christ Event) മർമ്മത്തെ ഭംഗിയായി മനസിലാക്കാൻ നിരണം കുരിശ് കാണുന്നവർക്ക് സാധിക്കും.

**സംഗ്രഹം**

അന്വേഷണവും യാത്രയും ഒന്നിന്റെയും അവസാനമല്ല മറിച്ച് പുതിയ കാഴ്ച്ചയുടെയും അറിവിന്റെയും പുതിയ തുറവിയാണ് സമ്മാനിക്കുന്നത്. നിരണം പള്ളിയുടെ ചരിത്രവും ചരിത്ര ശേഷിപ്പുകളും അന്വേഷണങ്ങൾക്ക് തുറന്നിടുകയാണ്.

മാർത്തോമാ ശ്ലീഹ സ്ഥാപിച്ച നിരണം പള്ളി എന്ന ഒറ്റവാക്കിൽ അത് ചുരുക്കുവാൻ അല്ല. പ്രത്യുത, ദൈവീക വെളിപാടിന്റെ മർമ്മത്തെ ജീവിക്കുന്ന ചുറ്റുപാടിൽ തിരിച്ചറിയാനും, അറിഞ്ഞ സത്യത്തെ മറ്റുള്ളവർക്ക് മനസിലാക്കാൻ കഴിയുന്ന രീതിയിൽ തങ്ങളുടെ കലപരമായ മികവ് ആരാധനാലയ നിർമ്മാണ വേളകളിൽ കൃത്യതയോടെ എങ്ങനെ വിനിയോഗിച്ചു എന്നതും ചിന്തിക്കാൻ വേണ്ടിയാകണം നാം ചരിത്രം പഠിക്കേണ്ടത്.

നിരണം കുരിശ് എന്ന് വിളിക്കപ്പെടുന്ന വി. മാമോദീസ തൊട്ടിയിലെ കുരിശിനെക്കുറിച്ചുള്ള തുടർപഠനം പുതിയ അർത്ഥങ്ങൾ കണ്ടെത്താൻ നമ്മെ സഹായിക്കട്ടെ.


**മാന്യവായനക്കാരുടെ ശ്രദ്ധയ്ക്ക്**

ഡയോസിസൻ ബുള്ളറ്റിൻ വരിക്കാരുടെ വരി സംഖ്യ കുടിശിഖ ആയിട്ടുണ്ടെങ്കിൽ മണിയോഡർ ആയോ, ഡി. ഡി. ആയോ, നെറ്റ് ബാങ്കിംഗ് വഴിയോ പണം അടയ്ക്കാവുന്നതാണ്. അക്കൗണ്ട് നമ്പർ താഴെ കൊടുക്കുന്നു.

Dr. Thomas Mar Athanasius Metropolitan
SBI Muvattupuzha
A/c No. 10246001089, IFSC: SBIN0008652

**ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്**

1 വർഷം - 100 രൂ., മൂന്ന് വർഷം - 250 രൂ., ആയുഷ്ക്കാലം (12 വർഷം) - 1000 രൂ.

RNI No. KERMAL/2012/46014
Registered. Reg. No. KL/ALY/0067/2022-2024

Date of Publication 15/11/2024
Price Rs. 10/-

# KANDANAD DIOCESAN BULLETIN

## ഭദ്രാസന സൺഡേസ്കൂൾ സഹപാഠ്യമത്സരം




കണ്ടനാട് ഈസ്റ്റ് ഭദ്രാസന സൺഡേസ്കൂൾ സഹപാഠ്യമത്സരങ്ങൾ പിറവം വലിയ പള്ളിയിൽ വച്ച് 12.10.2024 ശനിയാഴ്ച അനുഗ്രഹകരമായി നടത്തപ്പെട്ടു. ഏറ്റവും കൂടുതൽ പോയിന്റുകൾ നേടി കണ്ണ്യാട്ടുനിരപ്പ് ഡിസ്ട്രിക്ട് ഒന്നാം സ്ഥാനവും മൂവാറ്റുപുഴ ഡിസ്ട്രിക്ട് രണ്ടാം സ്ഥാനവും കരസ്ഥമാക്കി. എട്ട് കുട്ടികളുമായി പങ്കെടുത്ത മലേക്കുരിശ് എം.ബി.പി. & കുറിഞ്ഞി സൺഡേസ്കൂളിലെ കുട്ടികൾ 41 പോയിന്റുമായി ഏറ്റവും കൂടുതൽ പോയിന്റ് കരസ്ഥമാക്കുന്ന സൺഡേ സ്കൂളിനുള്ള ബഹുമതി കരസ്ഥമാക്കി. മൂവാറ്റുപുഴ സെന്റ് തോമസ് സൺഡേസ്കൂളിലെ എനിയ ജോൺസൺ വ്യക്തിഗത ചാമ്പ്യനായി (ബെസ്റ്റ് പെർഫോർമർ). സമാപന സമ്മേളനത്തിൽ അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനി വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു. ഭദ്രാസന ഡയറക്ടർ ഫാ. മാത്യൂസ് കാഞ്ഞിരംപാറ, ഭദ്രാസന സൺഡേസ്കൂൾ സെക്രട്ടറി ശ്രീ. കെ. വൈ. ബിജു, പിറവം വലിയപള്ളിയിലെ വികാരി, ട്രസ്റ്റിമാർ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.




ഭദ്രാസന സൺഡേ സ്കൂൾ സഹപാഠ്യമത്സരത്തിൽ വ്യക്തിഗത ചാമ്പ്യനും OSSAE നോർത്ത് സോൺ സഹപാഠ്യമത്സരത്തിൽ പൊതുവിജ്ഞാനം, വേദവാക്യം എന്നീ ഇനങ്ങളിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ മൂവാറ്റുപുഴ സെന്റ് തോമസ് കത്തീഡ്രൽ സൺഡേസ്കൂളിലെ എനിയ ജോൺസന് ഇടവക മെത്രാപ്പോലീത്ത സമ്മാനം നൽകി അഭിനന്ദിച്ചു.

## 'പ്രാർഥന വ്യക്തിപരമായ നേട്ടങ്ങൾക്കുള്ളതല്ല'- മെത്രാപ്പോലീത്ത



'ഞങ്ങൾക്കാവശ്യമുള്ള ആഹാരം ഇന്ന് ഞങ്ങൾക്ക് തരണമേ' എന്ന പ്രാർത്ഥനയിൽ വ്യക്തിപരമായ ആവശ്യമല്ല മറിച്ച്, ഓരോരുത്തരുടെയും നീതിപൂർവ്വമായ അനുദിന പോഷണത്തെ മുൻനിർത്തിയുള്ള പ്രാർത്ഥനയായി അതിനെ മനസിലാക്കണം എന്ന് ഓർത്തഡോക്സ് സഭ കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസിയോസ് പ്രസ്താവിച്ചു. ഭദ്രാസന പ്രാർത്ഥനായോഗ വാർഷികം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. 'നാം സൃഷ്ടിക്കുന്ന ദൈവങ്ങളെയല്ല, നമ്മെ സൃഷ്ടിച്ച ദൈവത്തെയാണ് ആരാധിക്കേണ്ടത്. നാം സൃഷ്ടിച്ച ദൈവങ്ങളോട് നമുക്ക് ആഭിമുഖ്യം കൂടുതലാണ്. കാരണം അവർ നമ്മളുടെ ദൈനംദിന വ്യവഹാരങ്ങളിൽ ഇടപെടുന്നില്ല, തടസ്സപ്പെടുത്തുന്നില്ല, തിരുത്തുന്നുമില്ല. പക്ഷേ നമ്മെ സൃഷ്ടിച്ച ദൈവം അങ്ങനെയല്ലല്ലോ. സഭാശുശ്രൂഷകർ സ്വയമായും സ്വജന താത്പര്യാർത്ഥവും ആൾദൈവങ്ങളായി മാറുന്ന കാലത്ത് പരി. പൗലോസ് ശ്ലീഹയുടെ മനോഭാവം നമ്മെ നിരന്തരം അസ്വസ്ഥമാക്കണം എന്നും ശുശ്രൂഷാജീവിതത്തിൽ തനിക്ക് ലഭിച്ച ദൈവപരിവേഷങ്ങൾ വലിച്ചുകീറി കേവല മനുഷ്യഭാവം അനാവരണം ചെയ്ത വി. പൗലോസിന്റെ മാതൃക നമുക്ക് വെല്ലുവിളിയാകണം എന്നും അ. പ്ര. 14:8-15 അടിസ്ഥാനമാക്കി തിരുവചനപഠനം നടത്തിയ ഫാ. ഏലിയാസ് ചെറുക്കാട്ട് പറഞ്ഞു. പ്രാർത്ഥനായോഗം ഭദ്രാസന സെക്രട്ടറി ശ്രീ. ജോയി മേക്കോട്ടിൽ രചിച്ച 'കാഴ്ച' എന്ന പുസ്തകം മെത്രാപ്പോലീത്ത ചടങ്ങിൽ വച്ച് പ്രകാശനം ചെയ്തു. ഫാ. എബ്രഹാം കാരാമേൽ പുസ്തകം ഏറ്റുവാങ്ങി. ശ്രീ. സഖറിയ പെരുമ്പടവം പുസ്തകം സദസ്സിനെ പരിചയപ്പെടുത്തി. ശ്രീ. ഐസക് തോമസ്, പ്രൊഫ. വി. എം. മാത്യൂസ്, ശ്രീ. വർഗീസ് കരിപ്പാടം എന്നിവർ പ്രാർഥനായോഗം കേന്ദ്ര പ്രതിനിധികളായി സംബന്ധിച്ചു. ഫാ. ഗീവർഗീസ് ബേബി കടക്കൽ നന്ദി പ്രകാശിപ്പിച്ചു. വിശ്വാസികളും വൈദികരും ഉൾപ്പടെ 120 ഓളം ഇടവക പ്രതിനിധികൾ ഭദ്രസനത്തിലെ വിവിധ ദേവാലയങ്ങളിൽ നിന്ന് സംബന്ധിച്ചു.

Printed and published by Fr. Abin Abraham, Secretary, Kandanad East Diocese, Bishop's House, Muvattupuzha-686 661, Ph: 0485 2832401
Managing Editor: P. J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha, Ph: 9846869426